# ക്രൈസ്തവ വനിത

January - February 2021



A fundamental Christian bi-monthly publication of the women, by the women, for the family

2021
January - February

Volume XIV
Issue 1

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| ■ പ്രവാചകനായ ഹാനോക്ക് | – | മേരി അഞ്ചൻ | 1 |
| ■ പ്രതിസന്ധിയിൽ തളരാതെ | – | മോളിക്കുട്ടി ചാക്കോ | 3 |
| ■ കൺവെൻഷൻ കാലം | – | ഡോ. ചാൾസ് ജോൺ | 6 |
| ■ പ്രാർത്ഥിക്കാതെ ലഭിച്ച വലിയ അനുഗ്രഹം | – | എൽസി ബേബി | 9 |
| ■ യേശുവിന്റെ നോട്ടം | – | മേരി അഞ്ചൻ | 11 |
| ■ നല്ല വാക്ക് | – | സാറാമ്മ ശശി | 13 |
| ■ നമ്മെപ്പോലെ നമ്മുടെ അയല്ക്കാരെയും സ്നേഹിക്കാം | – | ഡോ. ചാൾസ് ജോൺ | 15 |
| ■ മഗ്ദലക്കാരത്തി മറിയ | – | ജോർജ് ജോൺ | 18 |
| ■ കാലം തികഞ്ഞു. ദൈവരാജ്യം സമീപിച്ചിരിക്കുന്നു | – | യോഹന്നാൻ ഏബ്രഹാം | 21 |
| ■ ആർക്കും വേണ്ടാത്തവർ | – | ഡോ. കുഞ്ഞുമോൻ ചാക്കോ | 22 |
| ■ RAISING LITTLE WARRIORS FOR GOD | – | Dr. Helen Abraham | 24 |
| ■ Quest-75 | – | | കവർ 4 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

**Editorial Board**

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**

Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
E-mail: chasjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# പ്രവാചകനായ ഹാനോക്ക്



പതിനേഴു പ്രവാചകന്മാരും, പ്രവചന പുസ്തകങ്ങളും അടങ്ങിയ വിശുദ്ധ വേദ പുസ്തകത്തിൽ, എഴുത്തും, വായനയുമില്ലാതിരുന്ന ആദിമകാലത്തെ ഒരു പ്രവാചകനെ നാം യൂദായുടെ ലേഖനത്തിലാണ് കാണുന്നത്. ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ച് ഇതാ, കർത്താവ് എല്ലാവരെയും വിധിപ്പാനും, അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെപറഞ്ഞ സകല നിഷ്ഠുരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു എന്നു പ്രവചിച്ചു (യൂദാ. 14–15). ഇംഗ്ലീഷ് തർജ്ജമയിൽ വരുന്നു എന്നു കാണുന്നു. കർത്താവിന്റെ രണ്ടാം വരവിലെ ന്യായവിധിയെ കാണിക്കുന്ന ഈ ഭാഗത്തിലെ വന്നിരിക്കുന്നു എന്ന ഭൂതകാല പ്രയോഗം ശരിയാണെന്നു തോന്നുന്നില്ല. പ്രവചനം എപ്പോഴും ഭാവിയെ കുറിക്കുന്നതാണല്ലോ.

ആദിമനുഷ്യനായ ആദാമിന്റെ ഏഴാം തലമുറയിൽ, ആദാമിന് 622 വയസ്സ് ആയിരുന്നപ്പോൾ ജനിച്ച ഹാനോക്ക് 308 വർഷങ്ങളോളം ആദാമിന്റെ സമകാലീനനായിരുന്നു. (Halley's Bible Handbook) അക്കാലത്ത് ജനങ്ങൾ ഒരേ സ്ഥലത്തു ജീവിച്ചിരുന്നതിനാൽ ഭൂമിയിൽ ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു (ഉത്പത്തി 11:1). ഹാനോക്ക് വ്യക്തിപരമായി ആദാമിനെ അറിഞ്ഞിരിക്കാം. ആദാമിന് ദൈവതേജസ്സും ദൈവസാമീപ്യവും നഷ്ടപ്പെടുവാൻ കാരണം അവൻ ദൈവകല്പനയ്ക്ക് അവിധേയനായതുകൊണ്ടാണ്. ഹാനോക്കിന്റെ 65–ാം വയസ്സിൽ തനിക്കൊരു മകൻ ജനിച്ചു. അവന്റെ ജീവിതത്തിന്റെ ഒരു വഴിത്തിരിവായിരുന്നു ആ പുത്രന്റെ ആഗമനം. ആ ശിശുവിന്റെ ജനനത്തിനുശേഷമാണ് ഹാനോക്ക് ദൈവത്തോടുകൂടെ നടക്കുവാൻ ആരംഭിച്ചത് (ഉത്പത്തി 5:22). ഹാനോക്ക് 300 സംവത്സരം വിശ്വസ്തനായി ദൈവത്തോടുകൂടെ നടക്കുവാൻ ഒരു കാരണം ആദാമിന്റെ വീഴ്ചയും, അനന്തരഫലവും ആയിരിക്കാം.

ചുറ്റുമുള്ള പാപികളുടെ ജീവിതചര്യയോട് പൊരുത്തപ്പെടാതെ, വേർപെട്ടു ജീവിച്ച ഹാനോക്കിനെ ദുഷ്ടന്മാർ പരിഹസിച്ചു എന്നു കാണുന്നു. അവിശ്വാസികളിൽ നിന്ന് വേർപെട്ട് നീതിമാർഗ്ഗത്തിൽ നടക്കുന്ന ഏവർക്കും എക്കാലവും പരിഹാസവും പ്രതികൂല സാഹചര്യങ്ങളും ഉണ്ടാകുമെന്നതിൽ തർക്കമില്ല. ദുഷ്ടന്മാർക്ക് സംഭവിപ്പാനിരിക്കുന്ന ന്യായവിധിയെക്കുറിച്ച് ഹാനോക്കിന് പ്രവചിക്കുവാൻ എങ്ങനെ സാധിച്ചു! പാപികളുടെയും, അധർമ്മികളുടെയും ഇടയിൽനിന്ന് വേർപെട്ട്, നിത്യനും പരിശുദ്ധനുമായ ദൈവസംസർഗ്ഗത്തിൽ ഒരു ഭംഗവുമെന്യെ 300 വർഷക്കാലം നടന്ന ഹാനോക്കിന് ദൈവത്തിന്റെ ഹൃദയ നിരൂപണങ്ങൾ അറിയുവാൻ സാധിച്ചു. ഫലമോ? സകലജഡവും കടന്നുപോകുന്ന മരണത്താഴ്വര കാണാതെ, ദൈവം ഒരുനാൾ ഹാനോക്കിനെ തങ്കലേക്കു ചേർത്തുകൊണ്ടു. തിരുവചനം ഏറ്റവും മനോഹരമായി രേഖപ്പെടുത്തിയിരിക്കുന്നു. ഹാനോക്കു ദൈവ

ത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി (ഉത്പത്തി 5:24, എബ്രാ.11:5). അതിനെക്കുറിച്ച് പറയുന്നതിപ്രകാരമാണ്. ഹാനോക്കും ദൈവവും ദിവസവും ഒന്നിച്ചു നടക്കാൻ പോയിരുന്നു. ഒരു ദിവസം നടന്നു നടന്നു നേരം നന്നേ വൈകി. ഹാനോക്കിന്റെ ഭവനത്തിൽ നിന്നും വളരെ ദൂരെയും ദൈവത്തിന്റെ അധിവാസ കേന്ദ്രമായ സ്വർഗ്ഗത്തോടു വളരെ അടുത്തും അവർ നടന്നടുത്തു. അപ്പോൾ ദൈവം ഹാനോക്കിനോടു പറഞ്ഞിരിക്കാം, ഇനി നീ മടങ്ങിപ്പോകേണ്ടാ, എന്റെ വീടിനോടു നാം അടുത്തു കഴിഞ്ഞു. അങ്ങനെ ദൈവം ഹാനോക്കിനെ സ്വർഗ്ഗത്തിലേക്കു എടുത്തു. നടക്കാൻപോയ ഹാനോക്ക് മടങ്ങി വന്നില്ല. ആരും അവനെ തിരക്കിപോയതുമില്ല!

എബ്രായലേഖനകാരൻ അതിനെ വിശേഷിപ്പിക്കുന്നത്, വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു; ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെ യായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നു അവൻ എടുക്കപ്പെട്ടതിന്നു മുമ്പെ സാക്ഷ്യം പ്രാപിച്ചു (എബ്രാ.11:5).

നമുക്കേവർക്കും അനുകരണാർഹമായ ഒരു ജീവിതമായിരുന്നു ഹാനോക്കിന്റേത്. വക്രതയും കോട്ടവുമുള്ള ഒരു തലമുറയുടെ മദ്ധ്യത്തിലും ദൈവത്തോടു വിശ്വസ്തത പുലർത്തിയും ദൈവത്തെ പ്രസാദിപ്പിച്ചും ജീവിക്കുവാൻ സാധിക്കും (ഫിലി.2:15) എന്നതിനു മകുടോദാഹരണമാണ് ഹാനോക്ക്. ലോകസംഭവങ്ങൾ നമ്മെ ഞെട്ടിച്ചാലും അന്ധകാരാവൃതമായ ഒരു ലോകത്തിലാണു നാം ജീവിക്കുന്നത് എന്നിരുന്നാലും നമ്മുടെ കർത്താവു നമ്മെ ചേർത്തുകൊള്ളും എന്ന വസ്തുത നമ്മുടെ വിശ്വാസജീവിതത്തെ ബലപ്പെടുത്തുവാൻ പ്രേരകമാണ്. നാമും ദൈവവുമായി ഒരു ആത്മബന്ധം പുലർത്തുവാനും ദൈവത്തോടുകൂടെ നടക്കുവാനും നമുക്കു കഴിയണം.

ഒരു കാലത്തു കേൾക്കാനും, പറയുവാനും ലജ്ജാകരമായ വിഷയങ്ങളിൽ മനുഷ്യർക്ക് മാനം തോന്നുന്ന ഇക്കാലത്തു കൃപയാൽ രക്ഷിക്കപ്പെട്ട നമ്മുടെ ജീവിതം മറ്റുള്ളവർക്ക് മാതൃകയായിരിപ്പാൻ കർത്താവു കൃപ ചെയ്യട്ടെ. നമ്മുടെ ക്രിസ്തീയജീവിതത്തിലെ നടപ്പ് ദൈവത്തിന് പ്രസാദകരമായിരിക്കട്ടെ. നമ്മെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും, സൗമ്യതയോടും, ദീർഘക്ഷമയോടുംകൂടെ നടപ്പാൻ കർത്താവു കൃപ ചെയ്യട്ടെ (എഫെ.4:1-2).

**മേരി അഞ്ചൻ, തുംകൂർ**
ചീഫ് എഡിറ്റർ

**Quest -74 ലെ ശരി ഉത്തരങ്ങൾ അയച്ചവർ**

1. ജോബ് സീജ ജെ. വെണ്ണിയൂർ, തിരുവനന്തപുരം
2. സി. എം. മാമ്മൻ, അണുശക്തി നഗർ, മുംബൈ
3. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
4. ബിന്ദു സി. എസ്. വഞ്ചിയൂർ, തിരുവനന്തപുരം
5. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
6. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി
7. ഏലിയാമ്മ പി. ജി. ഓമല്ലൂർ, പത്തനംതിട്ട
8. സാറാമ്മ ശശി, കവിയൂർ, പത്തനംതിട്ട
9. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
10. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
11. സൂസമ്മ ഏബ്രഹാം, പാമ്പാടി, കോട്ടയം
12. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
13. ഗ്രേസി ഫിലിപ്പ്, തൈക്കാട്, തിരുവനന്തപുരം.
14. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

Quest 74 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ

# പ്രതിസന്ധിയിൽ തളരാതെ വിശ്വാസത്തിൽ നിലനില്ക്കുക

## (കൊറോണയും ദൈവവചനവും എന്തുപറയുന്നു?)

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



**(ലൂക്കൊസ് 21:26; ലൂക്കൊസ് 21:11, യാക്കോബ് 1:2,3,12)**

ഭൂലോകത്തിനു എന്തു സംഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകുന്നു, മനുഷ്യൻ നിസ്സഹായനായി സ്തംഭിച്ചു നില്ക്കുന്ന കാഴ്ചയാണ് ലോകത്തെല്ലായിടത്തും കാണുന്നത്. അത്രമേൽ കൊറോണ മഹാമാരി വ്യാപിച്ചു കഴിഞ്ഞു. എല്ലാ ലോകത്തിലെയും ഭരണാധികാരികൾപോലും ഭയപ്പെട്ടു ഇതിനുള്ള മാർഗ്ഗം എന്താണെന്ന് ആലോചിച്ച് വ്യാകുലപ്പെടുകയാണ് (വിഷമിക്കുകയാണ്). കൊറോണയ്ക്ക് വലിയവരോ, ചെറിയവരോ, ജാതി, മതം, ധനവാനോ, ദരിദ്രനോ, കറുത്തവനോ, വെളുത്തവനോ എന്നു ഒരു വ്യത്യാസവും ഇല്ല. കുടിൽതൊട്ടു കൊട്ടാരംവരെ വ്യാപിച്ചു. ഓരോ കാലഘട്ടങ്ങളിലും, പകർച്ച വ്യാധികൾ ഭൂമുഖത്ത് അവിടവിടെ ഉണ്ടായിട്ടുണ്ട്. എന്നാൽ ലോകത്തെ മുഴുവനും മുൾമുനയിൽ നിറുത്തിയ മറ്റൊരു രോഗം ഇതുവരെ മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടുള്ളതായി അറിവില്ല ലൂക്കൊ. 21:11–ൽ മഹാവ്യാധികൾ അവിടവിടെ ഉണ്ടാകും. ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവിനു മുമ്പുണ്ടാകുന്ന ലക്ഷണങ്ങൾ ആണ് പകർച്ചവ്യാധികൾ. കൂടാതെ മത്താ– 24:7–ൽ യുദ്ധങ്ങളും യുദ്ധശ്രുതികളും, ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും, ക്ഷാമവും, ഭൂകമ്പവും അവിടവിടെ ഉണ്ടാകും. ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭം ആണ്. കൊറോണ മഹാമാരിയെപ്പോലെ ലോകത്തെ വിറപ്പിച്ച മറ്റൊരു പകർച്ചവ്യാധി ഉണ്ടായിട്ടില്ല. വലിയവനെയും ചെറിയവനെയും ഒരുപോലെ ബാധിച്ചു. കൊറോണയ്ക്ക് ആരോടും മുഖപക്ഷമില്ല. എല്ലാവരെയും ബാധിച്ചു.

ലോകത്തിൽ പാപം വർദ്ധിച്ചു ഇതെല്ലാം കാരണമാണ്. സോദോം, ഗോമോറയുടെ നാശം അവിടെ പാപം വർദ്ധിച്ചതുകൊണ്ടാണ് ദൈവം ആ പട്ടണത്തെ നശിപ്പിച്ചത്. അതിലെ പാപം എന്താണ് നമുക്ക് അറിയാമല്ലോ. (ഉത്പ 18:20–33, 19:1–26 വായിച്ചാൽ മനസ്സിലാക്കാം). അതുപോലെ നോഹയുടെ കാലത്തുണ്ടായ ലോകത്തിന്റെ നാശം. വെള്ളപ്പൊക്കത്തിൽ 8– പേർ ഒഴിച്ച് എല്ലാവരും നശിച്ചു. ഉത്പത്തി– 6 ഉം 7 ഉം അദ്ധ്യായങ്ങൾ വായിച്ചാൽ ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രെ എന്നു യഹോവ കണ്ടു. അതുപോലെ ദൈവത്തിന്റെ വിരലുകൊണ്ട് എഴുതിക്കൊടുത്ത പത്തു കല്പനയിൽ രണ്ടാമത്തെ കല്പന ലംഘനമാണ് ഭൂമിയിൽ പരക്കെ ഉള്ളത്. ക്രിസ്ത്യാനികളും രക്ഷിക്കപ്പെടാത്ത എല്ലാവരും വിഗ്രഹത്തെ ഉണ്ടാക്കി വണങ്ങുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കല്പന ലംഘിച്ചു അനുസരണക്കേട് കാണിക്കുന്നു. പിന്നെ 6–ാ മത്തെയും 7–ാ മത്തെയും 8–ാ മത്തെയും കല്പന അതു ലംഘിച്ച് മനുഷ്യൻ ഇഷ്ടംപോലെ ജീവിക്കുന്നു. ഒന്നിനും ഒരു പ്രമാണവും ഇല്ലാത്ത ജീവിതം ആയതിനാൽ ലോകത്തിൽ പാപം വർദ്ധിച്ചു. ദൈവത്തിനു പ്രവർത്തിക്കുവാൻ സാധിക്കുകയില്ലയോ! എന്തെല്ലാം മാരകരോഗം ഉണ്ടായാലും, പ്രളയത്തിൽ എല്ലാം നശിച്ചിട്ടും ഒരു മനുഷ്യനും മാനസാന്തരപ്പെടുവാനോ ജീവനുള്ള ദൈവത്തെ വിളിക്കുവാനോ മനസ്സില്ല. കഴിഞ്ഞ കാലഘട്ടത്തിൽ ജലപ്രളയം ഉണ്ടായപ്പോൾ എത്രയോ നാശനഷ്ടങ്ങളും എത്രയോ മനുഷ്യർ മരിച്ചിട്ടും ഒരുത്തർക്കും ഒരു അനുതാപം ഉണ്ടാ

യിട്ടില്ല. വെളിപ്പാട് 16:8, 9 വായിച്ചാൽ മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയിട്ടും ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവനു മഹത്ത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല. പ്രിയ ദൈവമക്കളേ, അവരെ ഓർത്തു ദൈവസന്നിധിയിൽ പ്രാർത്ഥിക്കാനേ കഴിയൂ. ലോകമെങ്ങും വീണ്ടെടുക്കപ്പെട്ട ദൈവജനത്തിനു ഇതൊരു പരീക്ഷണം ആണ്. അനുതപിക്കുക, നമ്മുടെ കുറവുകൾ ഏറ്റുപറഞ്ഞു പ്രാർത്ഥിക്കേണ്ട സമയമാണിത് എന്നു മനസ്സിലാക്കിയാൽ നന്നായിരുന്നു. എത്രയോ മാസങ്ങൾ ആയി ആരാധിക്കുവാൻ സ്വാതന്ത്ര്യം ഇല്ലാതെ ദൈവമക്കൾ അവരവരുടെ ഭവനങ്ങളിൽ കഴിയുന്നു.

ദൈവവചനം തുലോം നിന്നുപോയതു പോലെയുള്ള അവസ്ഥയാണിപ്പോൾ. ആമോസ് 8:11 ൽ ഇപ്രകാരം വായിക്കുന്നു. അപ്പത്തിന്നായുള്ള വിശപ്പല്ല വെള്ളത്തിന്നായുള്ള ദാഹവുമല്ല, യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിന്നുള്ള വിശപ്പുതന്നേ. ദൈവവചനം കേൾക്കുവാൻ വളരെ കൊതിയാണ്. എന്നാൽ ഇപ്പോൾ വാട്സാപ്പിലൂടെ കർത്താവിന്റെ ദാസന്മാർ വചനം കേൾപ്പിക്കുവാൻ തുടങ്ങി. പക്ഷെ ഒരു കാര്യം കർത്താവു കല്പിച്ചത് (അപ്പൊ- 2:42 ൽ) ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും, പ്രാർത്ഥന കഴിച്ചും പോന്നു. കർത്തൃമേശയില്ലാതെ ചില ദൈവാലയങ്ങളിൽ കൂടിവരവുകൾ നടത്താൻ തുടങ്ങി. കർത്തൃമേശ, ദിവ്യബലി, ബൈബിൾ, ഇതൊന്നും ഉപയോഗിക്കുവാൻ സർക്കാർ അനുവദിക്കുന്നില്ല. പ്രായമായവരും കുഞ്ഞുങ്ങൾക്കും ആരാധനയിൽ സംബന്ധിക്കുവാൻ അവകാശമില്ല. സർക്കാർ നിയമത്തെ നാം മാനിക്കുകയാണ് വേണ്ടത്. ഇതെല്ലാം സാത്താൻ അധികൃതരുടെ ഹൃദയങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ദൈവവചനാടിസ്ഥാനത്തിൽ നോക്കുമ്പോൾ (1 പത്രൊസ് 2:13, 14) സകല മാനുഷനിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നുവെച്ചു രാജാവിനും നാടുവാഴികൾക്കും കീഴടങ്ങുവിൻ; ഇത് നാം അനുസരിച്ചേ പറ്റൂ. എന്നാൽ കൊറോണ എന്ന മഹാമാരി കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ചിലയാളുകൾ ഞങ്ങൾക്ക് ഇത് ബാധിക്കില്ല എന്നു പറഞ്ഞു സർക്കാരിന്റെ നിയമം പാലിക്കുന്നില്ല. അതിൽ നിന്നുള്ള വിടുതൽ കിട്ടുവാൻ മാസ്ക് ധരിക്കുക, സോപ്പിട്ട് കൈകഴുകുക, ശാരീരിക യകലം പാലിക്കുക, സാനിറ്റൈസർ ഉപയോഗിക്കുക ഈ നിയമങ്ങൾ ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. മുഖാവരണം ധരിക്കാതെ യാത്ര ചെയ്യരുത്

ദൈവം അറിയാതെ രക്ഷിക്കപ്പെട്ട ദൈവമക്കൾക്ക് ഒന്നും സംഭവിക്കുകയില്ല; ചൈനയിൽ വുഹാനിൽ പൊട്ടിപ്പുറപ്പെട്ടതാണ് കോവിഡ് വൈറസ്സുകൾ എന്ന് ആരോപിക്കുന്നു. എന്നാൽ അവിടുത്തെ ജനങ്ങൾ തിന്നരുതാത്ത പക്ഷിമൃഗാദികളുടെ മാംസം പച്ചയ്ക്കും വേവിക്കാതെയും ഭക്ഷിക്കുന്നു അങ്ങനെയും പറയുന്നുണ്ട്. എന്നാൽ ഇതിന്റെ ഉറവിടം എവിടെയാണെന്ന് കണ്ടുപിടിച്ചിട്ടില്ല. എന്നാൽ, ഓരോ വാർഡിലും ലോക്ക് ഡൗൺ മുഖാന്തരം കടകൾ അടച്ചും എല്ലാവരും വീട്ടുതടങ്കലിൽ കഴിയുന്നോരവസ്ഥ, യാത്ര ചെയ്യുവാൻ പറ്റാത്തയവസ്ഥ ഏതായാലും ലോകം മുഴുവൻ നാശത്തിന്റെ വക്കിലെത്തി. എന്തുചെയ്യാൻ കഴിയുമെന്ന് ചിന്തിച്ച് ഓരോ മനുഷ്യരും പേടിച്ച് നിർജ്ജീവരായി കഴിയുന്ന അവസ്ഥ. ഇതിനു ഒരു മാറ്റം ഉണ്ടാക്കുവാൻ ദൈവത്തിനു മാത്രമേ കഴികയുള്ളൂ. ആയതിനാൽ നമുക്കുണരാം. ലോകത്തിനുവേണ്ടിയും ജനങ്ങൾക്കു വേണ്ടിയും വിശ്വാസികളായ ഓരോരുത്തരും ദൈവസന്നിധിയിൽ കരയാം. ദുഷ്ടൻ ദുഷ്ടത വിട്ടു കർത്താവിങ്കലേക്കു തിരിയുവാൻ; മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയപ്പോൾ അഗ്നിസർപ്പത്തിന്റെ കടിയേറ്റവർ അതിലേക്കു നോക്കിയവർ ജീവിച്ചു (സംഖ്യ 20:8). അതുപോലെ ലോകജാതികൾ കൊറോണ രോഗികൾ ക്രൂശിൽ ഉയർത്തപ്പെട്ട ക്രിസ്തുവിങ്കലേക്ക് നോക്കി സൗഖ്യം പ്രാപിക്കാൻ അവരുടെ കുരുടായ കണ്ണുകളെ തുറക്കാൻ നമുക്കു പ്രാർത്ഥിക്കാം. എല്ലാവർക്കും പണം ഉണ്ട്. ആധുനിക ശാസ്ത്രീയ സാങ്കേതിക വിദ്യകളും ഉണ്ട്. ബുദ്ധികൊണ്ടും ഞങ്ങൾ എന്തിനെയും നേരിടും. ഞങ്ങളെ ഈ രോഗം ബാധിക്കയില്ല എന്നു സ്വയം അഹങ്കരിച്ച രാജ്യങ്ങൾ ഇന്ന് തകർന്നടിഞ്ഞിരിക്കയാണ്. തങ്ങളെക്കൊണ്ടു

നിയന്ത്രിക്കാൻ കഴിയാതെ നിലവിളിക്കുകയാണ്. രോഗികൾ കൂടിവരുന്നതിനാൽ അവരെ ചികിത്സിപ്പിക്കാൻ വേണ്ട സൗകര്യമോ അതിനുള്ള സംവിധാനമോ ഇല്ലാതെയായി. അങ്ങനെ എത്രയോപേർ മരണത്തിനു കീഴടങ്ങി. മനുഷ്യന്റെ പണവും പ്രതാപവും കൊറോണയ്ക്കുമുമ്പിൽ ഒന്നുമില്ലായെന്ന് ദൈവം മനുഷ്യരെ ബോദ്ധ്യപ്പെടുത്തി. സമ്പത്തും സമൃദ്ധിയും ഉണ്ടെങ്കിൽ ദൈവസഹായം മനുഷ്യന് ആവശ്യമില്ല. കഴിക്കാനും കുടിക്കാനും മനുഷ്യനു ലഭിച്ചുകഴിഞ്ഞപ്പോൾ ലോകം മൊത്തം ദൈവത്തെക്കുറിച്ചുള്ള ചിന്തയും ഭയവും നഷ്ടമാക്കി. മനുഷ്യൻ തന്നെയാണ് ദൈവം എന്ന് ഒരു കൂട്ടർ പഠിപ്പിക്കുന്നു. ദൈവവിശ്വാസികൾ ദൈവത്തോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ചിലർക്കു വിശ്വാസം ഇല്ല. പ്രാർത്ഥന കൊറോണ രോഗത്തിനു ഒരു മരുന്നാണ്. വിശ്വാസത്തോടുകൂടി പ്രാർത്ഥിച്ചാൽ സൗഖ്യം ലഭിക്കും. (യാക്കോബ് 5:15) ദൈവത്തെ വിളിക്കാത്തവരെയും ദൈവത്തെ വിളിക്കാൻ വേണ്ടി ദൈവം ഒരുക്കിയ സന്ദർഭമാണ് കൊറോണ കാലം.


അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നും വെളിപ്പെടുന്നു (റോമർ 1:18). അനീതിയും അഭക്തിയും ഏറ്റവും കൂടുതൽ വർദ്ധിച്ചിരിക്കുന്ന കാലത്താണ് നാം വന്നിരിക്കുന്നത്. പാമ്പിനെ ഉപയോഗിച്ച് സ്വന്തം ഭാര്യയെ കടിപ്പിച്ച് കൊന്ന കാര്യം നാം ഇതിനുമുമ്പ് കേട്ടിട്ടില്ല. എവിടെനോക്കിയാലും അനീതിയും അക്രമവും വർദ്ധിച്ചിരിക്കുന്നു. ഇതിന്റെ ഒക്കെമേൽ സ്വർഗ്ഗത്തിന്റെ കോപം പകരാതിരിക്കുമോ? യിസ്രായേൽ ജനം മിസ്രയീമിൽ അടിമത്തനത്തിൽ കിടന്നപ്പോൾ ദൈവം തന്റെ സ്വന്തം ജനത്തെ വിടുവിക്കുവാൻ ഉപയോഗിച്ചത് പത്തു ബാധകളാണ് (പുറപ്പാട് 12:1) 9-ാം ബാധ അവിടെ ബാധിച്ചപ്പോഴും ഫറവോന്റെ ഹൃദയം കഠിനമാകുകയല്ലാതെ അവരെ വിട്ടയച്ചില്ല. 10-ാം ബാധയായ കടിഞ്ഞൂൽ സംഹാരം ആണ് അവരെ വിടുവിച്ചത്. അതുപോലെ സാത്താന്റെ അടിമത്തനത്തിൽ കിടന്ന മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്തത് കർത്താവായ യേശുക്രിസ്തുവിന്റെ കാൽവറി ക്രൂശിൽ ചൊരിഞ്ഞ രക്തത്താലാണ്. അതു വിശ്വസിക്കുവാൻ നമുക്ക് ഓരോരുത്തർക്കും ഇടയായതിൽ ദൈവത്തെ സ്തുതിക്കാം. രക്ഷിക്കപ്പെട്ട നാം ഓരോരുത്തരും കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്തിന്റെ വിലയാണ്. നമ്മളെ കർത്താവ് വിലയ്ക്കു വാങ്ങിയിരിക്കുകയാണ്. ആയതിനാൽ നമുക്ക് കോവിഡ് 19 പിടിക്കുകയില്ല എന്നു പറയാനാവുകയില്ല. രക്ഷിക്കപ്പെട്ട ദൈവമക്കളുടെയിടയിൽ അഭക്തിയും അവിശ്വാസവും വർദ്ധിച്ചു വരികയാണ്. പണവും പ്രതാപവും വർദ്ധിച്ചപ്പോൾ ദൈവഭയം എല്ലാം നഷ്ടപ്പെട്ടുതുടങ്ങി. കാരണം കർത്തൃമേശ വെച്ചുള്ള ആരാധന മാസങ്ങളോളം ആയി നിന്നു പോയിട്ട്. വിശ്വാസികളായ നാം ഇത്തരം മഹാമാരികൾ ഒഴിഞ്ഞു പോകാൻ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുക. ഇതല്ലാതെ വേറെ വഴി ഒന്നും ഇല്ല. ദൈവം അറിയാതെ ദൈവമക്കൾക്ക് ഒന്നും സംഭവിക്കുകയില്ല. ക്രോധം കഴിഞ്ഞുപോകുവോളം സർവ്വശക്തനായ ദൈവം, തന്റെ ചിറകടിയിൽ നമ്മെ മറയ്ക്കും. അത്യുന്നതന്റെ മറവിലാണ് നാം വസിക്കുന്നത്. നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു (വിലാപങ്ങൾ 3:22). ഓരോ ദിവസവും നമ്മെ അവന്റെ ദയയും കരുണയുംകൊണ്ട് മറച്ചിരിക്കുകയാണ്. കാറ്റിനെയും, കടലിനെയും ശാസിച്ചു അടക്കിയ കർത്താവിന് എല്ലാം കഴിയും. നാം പ്രാർത്ഥിക്കുക, വിശ്വസിക്കുക. എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കണം.

യിസ്രായേൽ ജനം മിസ്രയീമിൽ നിന്നു കനാൻ നാട്ടിലേക്ക് പുറപ്പെട്ടുവെങ്കിലും പിറുപിറുത്ത് ദൈവത്തോട് പാപം ചെയ്തതിനാൽ മരുഭൂമിയിൽ നശിച്ചുപോയി. ഇത് ദൈവജനത്തിന് പാഠമായിരിക്കേണ്ടതാണ്.

2 ശമുവേൽ 24:1,15,16; 1 ദിനവൃത്താന്തം 21:1 മുതൽ 27 വരെ വായിച്ചാൽ ചില കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ദാവീദിന്റെ ജീവിതത്തിൽ ദൈവശിക്ഷ ഏറ്റുവാങ്ങിയ 4 സംഭവങ്ങൾ ആണ് അവിടെ വായിക്കുവാൻ കഴിയുന്നത്. *തുടരും...*

# കൺവെൻഷൻ കാലം

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



**കൊ**റോണക്കാലം 2020-ന്റെ ഒരു സവിശേഷതയാണ്. വർഷത്തിൽ ഒരു പ്രത്യേക കാലയളവിൽ അല്ലാതെയുള്ള കൺവെൻഷനുകൾ കൂടാതെ ഏതാണ്ടു നാലു മാസം (നവംബർ - ഫെബ്രുവരി) കേരളത്തിലുടനീളം കൺവെൻഷൻ കാലമാണ്. അവയുടെ സമാപനം കുറിക്കുന്നത് കൺവെൻഷനുകളുടെ കൺവെൻഷനായ വിശ്വവിഖ്യാതമായ മാരാമൺ കൺവെൻഷനോടെയാണ്. ലക്ഷോപലക്ഷങ്ങളാണ് ഈ കൺവെൻഷൻ ശ്രൃംഖലയിലൂടെ പ്രസംഗങ്ങൾ കേൾക്കുന്നത്. സെൻട്രൽ കൺവെൻഷൻ, ജനറൽ കൺവെൻഷൻ, ഐക്യ കൺവെൻഷൻ എന്നുവേണ്ടാ വിവിധനിലകളിലാണ് അവയെ വിശേഷിപ്പിക്കുന്നത്. ക്രൈസ്തവ കൺവെൻഷനുകൾ ആരംഭിച്ചതിനു പിന്നിൽ ഉദാത്തമായ ഒരു ഉദ്ദേശ്യമുണ്ടായിരുന്നു. മാനവജാതിയുടെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി കാൽവറി ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് മൂന്നാം മഹൽദിനം മരണത്തെയും പാതാളത്തെയും ജയിച്ച് ജയഭേരിയോടെ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ലോകരക്ഷകനായ യേശുക്രിസ്തുവിനെ, ക്രിസ്തുവിനെ അറിയാതെ ജീവിക്കുന്ന ജനലക്ഷങ്ങൾക്കു പരിചയപ്പെടുത്തുന്നതിലൂടെ അവർക്കും പാപമോചനത്തിനുള്ള ഏകമാർഗ്ഗം കണ്ടെത്തുക എന്നതായിരുന്നു ആ ഉദ്ദേശ്യം.

കൺവെൻഷൻ എന്ന പദത്തിന്റെ ഡിക്ഷണറി അർത്ഥം സമ്മേളനം എന്നാണ്. ഈ നാളുകളിൽ ക്രൈസ്തവസമൂഹം ആഘോഷപൂർവ്വം നടത്തിവരുന്ന കൺവെൻഷനുകൾ കേവലം മതസമ്മേളനം ആയി പരിണമിച്ചിരിക്കയാണ്. പല കൺവെൻഷനുകളുടെയും പരസ്യത്തിൽ നൂറാമത്, നൂറ്റിപ്പത്താമത് എന്നൊക്കെ കാണാറുണ്ട്. അത്രയും വർഷങ്ങളായിട്ട് മുടങ്ങാതെ നടന്നുവരുന്ന സുവിശേഷപ്രചാരണയോഗങ്ങൾ ആണ് അവ എന്നർത്ഥം. ഇന്നു മിക്ക കൺവെൻഷനുകളിലും സുവിശേഷം പ്രസംഗിക്കുമെങ്കിലും, വലിയ ആൾക്കൂട്ടങ്ങളെ ആകർഷിക്കുമെങ്കിലും ഭൂരിഭാഗം ശ്രോതാക്കളും പ്രസംഗം സശ്രദ്ധം ശ്രവിക്കാറില്ല, ശ്രോതാക്കളെക്കാൾ ഉപരി അവർ കാഴ്ചക്കാരാണ്, അവർ കേൾക്കുന്ന വചനങ്ങൾ ഹൃദയത്തിൽ സംഗ്രഹിക്കയും, സംഗ്രഹിച്ച വചനങ്ങൾക്കനുസൃതമായി ജീവിതങ്ങളെ ക്രമപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിൽ ലൂക്കൊസ് 8:1-21 വരെയുള്ള വേദഭാഗത്തു കർത്താവായ യേശുക്രിസ്തു പറഞ്ഞിരിക്കുന്ന വിതക്കാരന്റെ ഉപമ ഇന്നുതികച്ചും അപ്രസക്തമാകുമായിരുന്നു. (അതേ ഉപമ മത്തായി 13: 1-9, മർക്കൊസ് 4:1-20 എന്നീ വേദഭാഗങ്ങളിലും കാണാവുന്നതാണ്.)

പരിചിതമായ ഒരു ഉദാഹരണത്തിലൂടെ അപരിചിതമായ ഒന്നിനെ അനുവാചകർക്കു പരിചയപ്പെടുത്തുക എന്നതാണ് ഉപമയുടെ ഉദ്ദേശ്യം. വിത്തും വിതയും എല്ലാം യേശുക്രിസ്തുവിന്റെ ശ്രോതാക്കൾക്കു സുപരിചിതമായിരുന്നു. പരിചിതമായ ഒന്നു വരച്ചുകാട്ടി ഉപമ ആരംഭിക്കുന്നു. ആ ചിത്രം അനുവാചകർ പരിശോധിക്കുമ്പോൾ ഒരു കണ്ണാടിയിലൂടെ എന്നപോലെ അവർ തങ്ങളെത്തന്നെ ആ ചിത്രത്തിൽ കാണുന്നു. അതുകൊണ്ടായി

രുന്നു കർത്താവിന്റെ ശ്രോതാക്കളിൽ പലരും രോഷാകുലരായി പ്രതികരിച്ചത്. ചിലർ അവനെ കൊല്ലാൻ പോലും ശ്രമിക്കയുണ്ടായി. ഉപമയുടെ കേൾവിയിലൂടെ പാപബോധമുണ്ടായാൽ ദൈവത്തെ സമീപിക്കുവാനും ദൈവകൃപ അനുഭവിക്കുവാനും ഇടയാകും. ഒരു ഉപമയുടെ പ്രയോജനം നമുക്ക് ഉണ്ടാകണമെങ്കിൽ നമുക്കു താഴ്മയും ആത്മാർത്ഥതയും ആവശ്യമാണ്. കർത്താവിനോടും അവിടത്തെ വചനത്തോടും നിഷേധാത്മകമായി പെരുമാറുന്നവർക്ക് അതുരണ്ടും ഇല്ലെന്നർത്ഥം.

വിത്തു ധാരാളം വിതയ്ക്കപ്പെടുന്നു. അവയിൽ അധികവും ഫലപ്രാപ്തിയിലെത്തുന്നില്ല എന്നതാണു സത്യം. ദൈവോദ്ദേശ്യത്തെ നിഷ്ഫലമാക്കാൻ കള്ളപ്രവാചകന്മാരെയും ദുരുപദേഷ്ടാക്കളെയും പിശാച് അനുസ്യൂതം വിതച്ചുകൊണ്ടിരിക്കയാണ്. അവൻ വിതയ്ക്കുന്ന വിത്ത് മുപ്പതും അറുപതും നൂറും മേനി ഫലമാണു പുറപ്പെടുവിക്കുന്നത്.

പ്രിയമുള്ളവരേ, ഈ കൊറോണക്കാലം നമ്മുടെ കൺവെൻഷനുകൾക്ക് താത്കാലിക(?) വിരാമം കുറിച്ചിരിക്കയാണ്. മത്സരിച്ചുള്ള കൺവെൻഷനുകളിലൂടെ പാപബോധമുണർത്തുന്ന വചനഘോഷണം വിരളം. തദ്വാരാ, പാപികൾ മാനസാന്തരപ്പെടുന്നില്ല എന്നതല്ലേ സത്യാവസ്ഥ? നൂറാമതു നടന്നില്ലെങ്കിൽ പിന്നെങ്ങനെയാണു നൂറ്റിഒന്നാമതു ജനറൽ കൺവെൻഷൻ നടത്തുന്നത്? നൂറു നടന്നിട്ടും ജനങ്ങൾ മാനസാന്തരപ്പെടുന്നില്ലെങ്കിൽ പിന്നെ നൂറ്റിഒന്നിന്റെ ആവശ്യമെന്താണ്, കേവലം ഒരു പാരമ്പര്യച്ചടങ്ങിന്റെ പിൻതുടർച്ചയ്ക്കോ?

ആദിമകാലത്തെ കൺവെൻഷനുകൾ എല്ലാംതന്നെ സമാരംഭിച്ചത് സദുദ്ദേശ്യത്തോടെയായിരുന്നു. ആത്മഭാരമുണ്ടായിരുന്ന നമ്മുടെ പൂർവ്വപിതാക്കന്മാർ അതാരംഭിച്ച കാലത്ത് ആത്മരക്ഷ സ്വായത്തമാക്കിയവർ ആയിരങ്ങളാണെങ്കിൽ ഇന്നത് അംഗുലീപരിമിതമാണെന്നുള്ള ദുഃഖസത്യം പറയാതെ വയ്യ. ആദ്യകാലങ്ങളിലെപ്പോലെ ഇന്നും നൂറുകണക്കിനെങ്കിലും ആളുകൾ രക്ഷയിലേക്കു വന്നിരുന്നെങ്കിൽ നമ്മുടെ ആരാധനാലയങ്ങൾ ഇതിനകം എത്രപ്രാവശ്യം പുതുക്കിപ്പണിയണമായിരുന്നു?. ചിന്തിക്കുക.

വിതക്കാരന്റെ ഉപമയിലെ വിത്ത് ദൈവവചനം. ഏതുവിധത്തിലുള്ള പ്രതലങ്ങളിലാണ്—വഴിയരികെ, പാറസ്ഥലത്ത്, മുള്ളിനിടയിൽ, നല്ലനിലത്ത്-വിത്തു വിതയ്ക്കപ്പെട്ടത്. ഒരുവൻ സുവിശേഷം കേട്ടിട്ട് ഗ്രഹിക്കാതിരുന്നാൽ ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടത് എടുത്തുകളയുന്നു. ഇതാണു വരണ്ടുതറച്ച വഴിയരികെ വിതയ്ക്കപ്പെട്ടത്. സന്ദേശം സ്വീകരിക്കുവാൻ വൈമനസ്യം കാട്ടുന്നവർ. അഥവാ ഗ്രഹിക്കുവാൻ താത്പര്യമില്ലാത്ത കേൾവിക്കാർ. പാറസ്ഥലത്തു വിതയ്ക്കപ്പെട്ടത് കഠിനഹൃദയരായ ശ്രോതാക്കളെയാണു പ്രതിനിധാനം ചെയ്യുന്നത്. കനം കുറഞ്ഞ മൺപാളിയേ പാറമേൽ ഉള്ളു. ദൈവവചനം സസന്തോഷം കേൾക്കുകയും തത്ക്ഷണം പ്രതികരിക്കയും ചെയ്യുന്നവർ, പക്ഷേ, വേരില്ല. പീഡയുടെയും പരിശോധനകളുടെയും മദ്ധ്യാഹ്നകിരണങ്ങൾ കൊണ്ടു ശോധനചെയ്യുമ്പോൾ അങ്ങനെയുള്ളവർ ക്രിസ്തീയ വിധേയത്വം ഉപേക്ഷിക്കുന്നു. ഉപരിപ്ലവമായ നിലയിൽ സുവിശേഷസന്ദേശം ശ്രവിക്കുന്നവരാണ് മുള്ളുനിറഞ്ഞ പ്രതലം പ്രതിനിധാനം ചെയ്യുന്നത്. മുള്ളിനിടയിൽ വിതയ്ക്കപ്പെട്ടത് ലോകചിന്തകളാൽ ഞെരുക്കപ്പെട്ട് നിഷ്ഫലമായിപ്പോകുന്നു. നല്ല നിലത്തു വിതയ്ക്കപ്പെട്ടതാകട്ടെ, വചനം കേട്ടു ഗ്രഹിക്കുന്നതാകുന്നു. അവർ ക്രിസ്തീയസ്വഭാവം അവരുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തുന്നു. അതുവിളഞ്ഞ് നൂറും അറുപതും മുപ്പതും മേനി ഫലം നല്കുന്നു. ഈ അളവ് വചനം ഗ്രഹിക്കുന്നതിനു അനുസൃതമായി ഓരോരുത്തരും പുറപ്പെടുവിക്കുന്ന ഫലത്തിന്റെ അളവാണ്. ഒരു വ്യാഖ്യാതാവ്

മുപ്പതിനെ 3000 ശതമാനമായും 60 നെ 6000 ശതമാനമായിട്ടും 100 നെ പതിനായിരം ശതമാനമായിട്ടും വ്യാഖ്യാനിച്ചിരിക്കുന്നു. ഓരോ ഹൃദയത്തിന്റെയും കഴിവും ഗുണവും അനുസരിച്ചാണു ഫലമുളവാക്കുന്നത്. നല്ല നിലത്തു വീണ വിത്തുകളാണ് വിളഞ്ഞ് മുപ്പത്, അറുപത്, നൂറുമേനി ഫലം നല്കുന്നത്. എന്താണീ ഫലങ്ങൾ?

1. വിശുദ്ധീകരണം (റോമർ 6:22)
2. വിശ്വാസിയുടെ സ്വഭാവവൈശിഷ്ട്യങ്ങൾ (ഗലാ. 5:2-23)
3. സൽപ്രവൃത്തികൾ (കൊലൊ. 1:10)
4. മറ്റുള്ളവരെ കർത്താവിനു ആദായപ്പെടുത്തുക. (റോമർ 1:14)
5. നമ്മുടെ ഭൗതികനന്മകൾ അർഹിക്കുന്നവരുമായി പങ്കു വയ്ക്കുക (റോമർ 15:5-28)
6. ദൈവത്തിനു ഇടവിടാതെ സ്തോത്രയാഗം അർപ്പിക്കുക (എബ്രാ. 13:15)

മനുഷ്യന്റെ വാക്കുകൾ പോലെയല്ല ദൈവവചനം. ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതുവാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളെച്ചുചെല്ലുന്നതും, ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രായർ 4:12). വിശ്വസിക്കുന്നവർക്കു ജീവൻ നല്കുന്നതാണ് ദൈവവചനം. വചനം ഹൃദയത്തിൽ ആഴമായി വേരൂന്നി, വളർന്ന് ഫലം കായ്ക്കണം. കർത്താവിന്റെ പരസ്യശുശ്രൂഷയിൽ തന്നെ അനുധാവനം ചെയ്തവർ പരസഹസ്രങ്ങളായിരുന്നു. വലിയ പുരുഷാരത്തെ കണ്ടിട്ട് യേശുക്രിസ്തുവിനു വലിയ കൗതുകമൊന്നും തോന്നിയില്ല. കാരണം, മിക്കവരും തന്റെ വചനം സ്വീകരിക്കയോ ഫലം പുറപ്പെടുവിക്കയോ ചെയ്കയില്ല എന്നു കർത്താവിനു അറിയാമായിരുന്നു.

നമ്മുടെ കൺവെൻഷനുകളിലെ വലിയ പുരുഷാരത്തെക്കണ്ട് നാമും ആവേശഭരിതരാകേണ്ടതില്ല. അവരിൽ എത്ര നല്ല നിലങ്ങൾ ഉണ്ടെന്നു ചിന്തിക്കുക. കൊറോണക്കാലം നമ്മുടെ ജീവിതസരണിയെത്തന്നെ വഴിതിരിച്ചു വിട്ടിരിക്കയാണ്. പഴയതുപോലെയുള്ള കൺവെൻഷനുകൾ ഒരു പക്ഷേ ചരിത്രപ്പുസ്തകത്തിന്റെ താളുകളിൽ ഒതുങ്ങാനിടയുണ്ട്. എന്റെ ശുഭാപ്തിവിശ്വാസക്കുറവാണ് ആ പ്രസ്താവനയുടെ പിന്നിൽ എന്നു വിധിയെഴുതാൻ വരട്ടെ. ഇന്നത്തെ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ അത്തരമൊരു നിഗമനത്തിലെത്തുന്നതിൽ അപാകതയില്ലെന്നാണ് എന്റെ എളിയ അഭിപ്രായം. കൊറോണയ്ക്കു മുമ്പു നാം ജീവിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായ ഒരു ജീവിതശൈലി അനുധാവനം ചെയ്യാൻ നിർബ്ബന്ധിതരാകുമെന്ന് ഉറപ്പാണ്. നമ്മുടെ മഹായോഗങ്ങളിലൂടെയും ആണ്ടറുതി കൺവെൻഷനുകളിലൂടെയും ആത്മാക്കൾ രക്ഷാനിർണ്ണയം പ്രാപിക്കുന്നുവോ? പുതുതായി രക്ഷിക്കപ്പെട്ട എത്രപേർ സ്ഥലംസഭയിലെ അംഗങ്ങളാകുന്നു? ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയില്ലെങ്കിൽ ഈ കൺവെൻഷനുകൾകൊണ്ടു നാം എന്താണു സാധിക്കുന്നത്? പാപം ഏറ്റുപറഞ്ഞുപേക്ഷിക്കുന്നുണ്ടോ? ദൈവത്തോടു നിരപ്പുപ്രാപിക്കുന്നുണ്ടോ? ഇതൊന്നുമില്ലെങ്കിൽ പിന്നെ നാം കൺവെൻഷൻ കൊണ്ട് എന്താണു സാധിച്ചതെന്ന് ഒരു ആത്മപരിശോധന അനിവാര്യം. മഹായോഗങ്ങൾ ഒരു പക്ഷേ സാമ്പത്തികസ്രോതസ്സായിരിക്കാം. എന്നാൽ ഒരു ചോദ്യം: നമ്മുടെ പൂർവ്വപിതാക്കന്മാർ സമാരംഭിച്ച സുവിശേഷ സമ്മേളനങ്ങളുടെ ആത്യന്തികലക്ഷ്യം അതായിരുന്നുവോ? ഈ ചിന്തകൾ നമ്മുടെ കണ്ണുകൾ തുറപ്പിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ❑

# പ്രാർത്ഥിക്കാതെ ലഭിച്ച വലിയ അനുഗ്രഹം



എൽസി ബേബി, ന്യൂ യോർക്ക്

**നാം** ധാരാളം പ്രാർത്ഥിക്കുന്നവരാകുന്നു. ഇടവിടാതെ പ്രാർത്ഥിപ്പാൻ കർത്താവു നമ്മോടു കല്പിച്ചിട്ടുണ്ടല്ലോ. പ്രാർത്ഥനയ്ക്കു കർത്താവു നല്കുന്ന മറുപടി പലവിധത്തിലാകുന്നു. പൗലൊസ് തന്റെ രോഗസൗഖ്യത്തിനു വേണ്ടി പ്രാർത്ഥിച്ചപ്പോൾ ''എന്റെ കൃപ നിനക്കു മതി'' എന്നായിരുന്നു ഉത്തരം. അബ്രഹാം ഒരു സന്തതിക്കുവേണ്ടി എത്രനാൾ കാത്തിരിക്കേണ്ടിവന്നു? മോശെയ്ക്കു കനാനിൽ കടന്നുചെന്ന് ഒന്നു കാണട്ടെ എന്നപേക്ഷിച്ചപ്പോൾ "മതി ഈ കാര്യത്തേക്കുറിച്ച് ഇനി എന്നോട് സംസാരിക്കരുത്" എന്നായിരുന്നില്ലേ ലഭിച്ച ഉത്തരം? എന്നാൽ പ്രാർത്ഥിക്കാതെ തന്നെ മനസ്സലിഞ്ഞു പ്രവർത്തിച്ച ചില സംഭവങ്ങളും ഇല്ലാതില്ല. അവയിൽ ഒന്നാണല്ലോ യേശു നയിനിലെ വിധവയുടെ മരിച്ച ഏകജാതനായ മകനെ ഉയിർപ്പിച്ചത്? (ലൂക്കൊ. 7:11-17).

യേശു വലിയൊരു പുരുഷാരവുമായി 'നയിൻ' എന്ന പട്ടണത്തിലേക്കു പോകുന്നു. പട്ടണവാതില്ക്കലെത്തിയപ്പോൾ അതാ വരുന്നു വലിയൊരു വിലാപസമൂഹം! മരിച്ച ഒരുവന്റെ ശവശരീരവുമായി ശ്മശാനത്തിലേക്കു പോകുന്ന വലിയൊരു ശവസംസ്ക്കാര പുരുഷാരം! ദൈവത്തിന്റെ ഏകജാതനായ പുത്രനും അവനെ അനുഗമിക്കുന്ന പുരുഷാരവും ഒരു വിധവയുടെ മരിച്ച ഏകജാതന്റെ ശവമഞ്ചവും തമ്മിൽ ഏറ്റുമുട്ടുന്നു. ഒരു ആകസ്മിക സംഭവമായി തോന്നാമെങ്കിലും, സർവ്വശക്തന്റെ ദൈവികപരിപാടിയിൽ ഉൾപ്പെട്ടിരുന്ന ഒരത്ഭുത സംഭവമായിരുന്നു അത്. മാറത്തടിച്ചു വിലപിച്ചുംകൊണ്ടു മുന്നേറുന്ന സമൂഹത്തിലേക്ക് യേശു മനസ്സലിവോടെ കടന്നുചെന്ന് ശവമഞ്ചത്തെ തൊട്ടതോടെ എല്ലാവരും നിശ്ചലരായി നിന്നു പോയി. ഒരു യഹൂദനു നിഷിദ്ധമായ അശുദ്ധിയെയായിരുന്നു യേശു തൊട്ടത്. കരഞ്ഞു വിലപിക്കുന്ന വിധവയോടു 'കരയേണ്ട' എന്നു പറഞ്ഞപ്പോഴാണ് അവൾ തല ഉയർത്തി നോക്കിയത്. പിന്നീട് അവൾ കേട്ട ശബ്ദം ഒരു അസാധാരണ ശബ്ദമായിരുന്നു ''ബാല്യക്കാരാ എഴുന്നേല്ക്ക''! യാതൊരു പരിചയവുമില്ലാത്ത ആരാണ് ഇത്ര അധികാരത്തോടെ മരിച്ചു മരവിച്ച ശവശരീരത്തോട് "എഴുന്നേല്ക്ക" എന്നു പറയുന്നത്? അത്യത്ഭുതമെന്നോണം ആ ശവശരീരം ഉറക്കത്തിലെന്ന പോലെ "എഴുന്നേറ്റിരുന്നു സംസാരിക്കാൻ തുടങ്ങി" പോലും. അവൻ എന്താണ് സംസാരി ച്ചതെന്നറിഞ്ഞുകൂടാ. ഒരു പക്ഷെ "ഞാൻ നല്ല ഉറക്കമായിരുന്നല്ലോ? ആരാണ് എന്നെ വിളിച്ചുണർത്തിയത്? ആരാണീ ജനസമൂഹം? എന്താണു സംഭവിച്ചത്?'' എന്നൊക്കെ ആയിരിക്കാം. "യേശു അവനെ അമ്മെയ്ക്കു ഏല്പിച്ചുകൊടുത്തു!" ആ വിധവയുടെയും മകന്റേയും സന്തോഷം എത്ര വലുതായിരുന്നുവെന്ന് ഊഹിക്കാമല്ലോ? കൂടിയിരുന്ന പുരുഷാരവും ഭയപ്പെട്ട് "ഒരു വലിയ പ്രവാചകൻ നമ്മുടെയിടയിൽ എഴുന്നേറ്റിരിക്കുന്നു ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു" എന്ന് പറഞ്ഞ് ദൈവത്തെ മഹത്ത്വപ്പെടുത്തി. ''നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്നും എഴുന്നേല്പിച്ചു തരും (ആവ. 18:15) എന്ന മോശെയുടെ പ്രവചനം അവർ ഓർത്തുകാണും. അന്ന് അത് പൂർത്തിയായി.

ഈ സംഭവത്തിൽ ആ വിധവയോ മറ്റാരെങ്കിലുമോ പ്രാർത്ഥിച്ചതായി കാണുന്നില്ല. എന്നാൽ ദൈവത്തിന്റെ കാര്യപരിപാടിയിൽ

അതുണ്ടായിരുന്നു. അതുകൊണ്ട് “ദൈവത്തിന് എല്ലാം അറിയാം പ്രാർത്ഥിക്കേണ്ട” എന്നു പറയുന്നവർ കാണും. “ഇടവിടാതെ പ്രാർത്ഥിക്കണം'' എന്നാണല്ലോ കർത്താവിന്റെ കല്പന? അന്യോന്യം പ്രാർത്ഥിക്കുന്നതിനെക്കുറിച്ചും, കർത്താവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതിനെക്കുറിച്ചും വിശ്വസിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നതിനെക്കുറിച്ചും മറ്റും തിരുവചനം രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ ഒരു സ്ത്രീ കർത്താവിനോടു പ്രാർത്ഥിച്ചിട്ട് മറുപടി ലഭിക്കാതെ വിഷാദിച്ചുകിടന്നുറങ്ങി. അവൾ മൂന്നു സ്ത്രീകൾ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതായി സ്വപ്നം കണ്ടു. യേശു അതിലേവന്നു. ആദ്യത്തെ സ്ത്രീയുടെ അരികെ നിന്നു. തലയിൽ കൈവച്ചു കുനിഞ്ഞ് അവളുടെ ചെവിയിൽ എന്തോ മന്ത്രിച്ചിട്ട് അടുത്ത സ്ത്രീയുടെ അടുത്ത് ചെന്ന് അവളുടെ അരികിൽ നോക്കി നിന്നിട്ട് മൂന്നാമത്തെ സ്ത്രീയുടെ അടുത്തേക്കു നീങ്ങി അവളെ ഒന്നു നോക്കുകമാത്രം ചെയ്തിട്ട് യേശു കടന്നുപോയി. യേശുമുഖപക്ഷം കാണിച്ചതു ശരിയായില്ലല്ലോ എന്നോർത്തപ്പോൾ യേശു അവളുടെ അടുത്തുവന്നിട്ട് ”മകളേ, നീ എന്നെ തെറ്റിദ്ധരിച്ചിരിക്കുന്നു. ആദ്യത്തെ സ്ത്രീ കേവലം ബലഹീനയാണ്. അവൾക്ക് എന്റെ സാന്നിദ്ധ്യം ഏറെ ആവശ്യമാണ്. അവളെ ഞാൻ സമാധാനിപ്പിച്ചു. രണ്ടാമത്തവൾക്കു കുറച്ചുകൂടെ വിശ്വാസവും ശക്തിയുമുണ്ട്. എന്റെ സാമീപ്യത്തിൽ അവൾ ആശ്വസിക്കുന്നു. മൂന്നാമത്തവളും ഞാനും ഏറ്റവും അടുത്തറിഞ്ഞവരും അവളുടെ വിശ്വാസം ഏറ്റവും ഉറച്ചതും വലിയതുമാകുന്നു. ഞാൻ അവളെ നന്നായി അറിയുന്നു. അവൾ എന്നേയും. അതുകൊണ്ടാണ് ഞാൻ അവളെ വിട്ടു കടന്നുപോയത്.

പ്രിയമുള്ളവരേ, നമ്മെ ഉള്ളതുപോലെ അറിയുന്ന കർത്താവു നമ്മുടെ പ്രകൃതി മാത്രമല്ല ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും നന്നായിട്ടറിയുന്നവനുമാകുന്നു. നയിനിലെ വിധവയുടെ ദുഃഖവും കണ്ണുനീരും അവളുടെ ആവശ്യങ്ങളും യേശു നന്നായി മനസ്സിലാക്കി അവളെ സഹായിച്ചു തൃപ്തയാക്കി. മാത്രമല്ല അവിടെ കൂടിയ പുരുഷാരത്തിന് താൻ ആരാകുന്നു എന്ന് വെളിപ്പെടുത്തേണ്ടതും ആവശ്യമായിരുന്നു.

നമ്മുടെ പ്രാർത്ഥനകൾ കേവലം യാചനകളും അപേക്ഷകളും മാത്രമാകരുത്. നമ്മുടെ കർത്താവും നാമും ആയി വ്യക്തിപരമായ ബന്ധം പുലർത്തി അന്യോന്യം മനസ്സിലാക്കി, അവന്റെ അടുത്ത് വന്ന് ആവശ്യങ്ങൾ സ്തോത്രത്തോടെ വേണം അറിയിക്കുവാൻ. നമ്മുടെ കർത്താവിന്റെ മഹത്ത്വത്തേയും ശക്തിയേയും അവന്റെ സ്വഭാവത്തേയും മനസ്സിലാക്കി അവനെ സ്തുതിച്ച് സ്തോത്രം ചെയ്ത് ആരാധിക്കുന്നതുപോലെ സന്തോഷം മറ്റൊന്നും നമ്മുടെ കർത്താവിനില്ല. ആദ്യം അവനെ ആരാധിക്കുക. തെറ്റുകുറ്റങ്ങൾ ഏറ്റു പറയുക. അവൻ ചെയ്ത ഉപകാരങ്ങൾക്കു നന്ദി പറയുക. പിന്നെ വേണം ആവശ്യങ്ങൾ നിരത്തി വയ്ക്കുവാൻ. തിരുഹിതപ്രകാരവും, വിശ്വാസത്തോടുംകൂടെയും അർപ്പിക്കുന്ന പ്രാർത്ഥനകൾക്ക് കർത്താവ് ഉത്തരം നല്കാതിരിക്കയില്ല. നാം ചോദിക്കുന്നതെല്ലാം നല്കണമെന്നില്ല. അവൻ നല്കുന്നതെല്ലാം സന്തോഷത്തോടെ വാങ്ങി സ്തോത്രം ചെയ്കയത്രെ വേണ്ടത്. അവൻ നമുക്കായി കരുതുന്നവനും, നമ്മെ മറക്കാത്തവനും, നമുക്കാവശ്യമുള്ളത് നന്നായി അറിയുന്നവനുമാകുന്നു. നാം അറിയേണ്ടതുപോലെ അവനെ അറിയുക. വിശ്വസിക്കുക. പൂർണ്ണഹൃദയത്തോടെ അവനിൽ ആശ്രയിക്കുക. “കർത്താവേ, എന്റെ ഹിതമല്ല. നിന്റെ ഹിതം മാത്രം നിറവേറട്ടെ” എന്ന മനോഭാവത്തോടെവേണം പ്രാർത്ഥിക്കുവാൻ. വിശ്വാസവും, നന്ദിയും, സ്തുതികളും, സ്തോത്രങ്ങളും അർപ്പിച്ച് ദൈവഹിതപ്രകാരം പ്രാർത്ഥിക്കുന്ന പ്രാർത്ഥനകൾ ദൈവം കേൾക്കും ഉത്തരം നല്കും. നാം ചോദിച്ചിട്ടാണോ നമുക്കു ശുദ്ധവായുവും, വെള്ളവും, മഴയും, വെയിലും, മഞ്ഞുമൊക്കെ അതാതു സമയത്തു നല്കി നമ്മെ അനുഗ്രഹിക്കുന്നത്? പ്രാർത്ഥിക്കേണ്ടും വിധം പ്രാർത്ഥിപ്പാൻ നമുക്കഭ്യസിക്കാം. തിരുഹിതപ്രകാരം ജീവിച്ചു പ്രാർത്ഥിപ്പാനിടയാകട്ടെ. ❑

# യേശുവിന്റെ നോട്ടം

മേരി അഞ്ചൻ, തുംകൂർ



"കർത്താവു തിരിഞ്ഞു പത്രൊസിനെ ഒന്നു നോക്കി". നമുക്കേവർക്കും സുപരിചിതമായ ഒരു വേദഭാഗമാണല്ലോ ഇത്. "നിന്നോടുകൂടെ മരിക്കേണ്ടി വന്നാലും നിന്നെ തള്ളിപ്പറയുകയില്ല" എന്ന് കർത്താവിനോട് സത്യം ചെയ്ത പത്രൊസ് ചില മണിക്കൂറുകൾക്കു ശേഷം "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല" എന്ന് ആണയിടുകയാണ് ചെയ്തത്.

യേശുകർത്താവിന്റെ പന്ത്രണ്ടു ശിഷ്യഗണത്തിൽ വച്ച് ഏറ്റവും സാമീപ്യം അനുഭവിച്ച മൂന്നു ശിഷ്യന്മാരിൽ ഒരുവനായിരുന്നു പത്രൊസ്. കർത്താവ് യായിറോസിന്റെ മകളെ ഉയിർപ്പിച്ചപ്പോഴും, മറുരൂപമലയിൽ രൂപാന്തരപ്പെട്ടപ്പോഴും, ഗത്സെമനയിലെ വ്യഥ അനുഭവിച്ച് കർത്താവു പ്രാർത്ഥിച്ചപ്പോഴും എല്ലാം പത്രൊസ് ദൃക്സാക്ഷിയായിരുന്നു.

ഗത്സെമനതോട്ടത്തിൽവച്ച് ശത്രുക്കൾ കർത്താവിനെ പിടിച്ചപ്പോൾ "ശിഷ്യന്മാർ എല്ലാവരും അവനെവിട്ട് ഓടിപ്പോയി" എന്നു വായിക്കുന്നു. മഹാപുരോഹിതന്റെ അരമനയിലേക്ക് ആനയിച്ച യേശുവിനെ കുറ്റം ചുമത്താനായി ശാസ്ത്രിമാരും, മൂപ്പന്മാരും, ന്യായാധിപ സംഘം എല്ലാം ഒരുമിച്ചു കൂടിയിരുന്നു. പത്രൊസ് യേശുവിനെ ദൂരവെ പിൻചെന്നു. "അവസാനം കാണ്മാൻ" ഒരു കാഴ്ചക്കാരനായി ശത്രുക്കളുടെ മദ്ധ്യസ്ഥാനം പിടിച്ചു (മത്താ. 26:58). തന്റെ ഗുരുവിനെ അർദ്ധനഗ്നനായി, മുഖം മൂടി, മുഷ്ടി ചുരുട്ടി കുത്തുകയും, മുഖത്തു തുപ്പുകയും ചെയ്തപ്പോൾ പത്രൊസ് മഹാപുരോഹിതന്റെ സേവകന്മാരുടെ ഇടയിൽ കുളിർ മാറ്റാനായി തീ കാഞ്ഞുകൊണ്ടിരുന്നു (യോഹ.18:18). യേശുകർത്താവുമായി യാതൊരു ബന്ധവുമില്ലാത്തവനായി, ശത്രുക്കളുമായി താദാത്മ്യം പ്രാപിച്ച പത്രൊസ് യാതൊരു കൂസലുമെന്യെ ഒന്നിനു പുറകെ ഒന്നായി മൂന്നുപ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞു. വെറും ഒരു ഭൃത്യയുടെ മുമ്പിൽ പോലും തന്റെ സ്നേഹപാത്രവും, ഗുരുവുമായിരുന്ന കർത്താവിനെ അറിയുന്നില്ല എന്ന് മത്സ്യബന്ധനത്തൊഴിലാളി ആയിരുന്ന കാലത്തെ വാക്കുകൾ ഉപയോഗിച്ച് പ്രാകുവാനും ആണയിടുവാനും തുടങ്ങി. കോഴി രണ്ടു വട്ടം കൂകും മുമ്പെ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു കർത്താവ് (മർക്കൊസ് 14:30) പത്രൊസിനോട് നേരത്തെ പറഞ്ഞിരുന്ന വാക്കുകൾ ഓർത്തു പത്രൊസ് അനുതപിച്ചതായി മൂന്നു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയപ്പോൾ, ലൂക്കൊസിന്റെ സുവിശേഷത്തിൽ മാത്രം വളരെ ചിന്താർഹവും, അർത്ഥഗർഭവുമായ ഒരു വാചകം നാം കാണുന്നു. കോഴി കൂകിയപ്പോൾ, "കർത്താവു തിരിഞ്ഞ് പത്രൊസിനെ ഒന്നു നോക്കി" (ലൂക്കൊസ് 22:61). ആ ഒരു നോട്ടം അനേക വാക്കുകളേക്കാളും ശക്തിയേറിയതായിരുന്നു. കണ്ണുകൾ വാർത്താവിനിമയത്തിന് ഏറ്റവും ശക്തവും, ഗംഭീരവുമായ മാധ്യമങ്ങളാണ്. ആ ചുറ്റുപാടിലും കർത്താവ് പത്രൊസിനെ ഓർത്തു. ആ നോട്ടം പത്രൊസിന്റെ ഹൃദയത്തെ ഭേദിച്ചു. മൂന്നര വർഷങ്ങൾക്കുമുമ്പെ, മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന ശീമോനെ ആകർഷിച്ച ആ നോട്ടം! അന്ത്രെയാസ് സഹോദരനായ ശീമോനെ യേശുവിന്റെ അടുക്കൽ ആദ്യമായി കൊണ്ടുവന്നപ്പോൾ "യേശു അവനെ നോക്കി" (യോഹ. 1:42) വെറും ഒരു ധീവരനെയല്ല യേശു കണ്ടതു. അതികായനായ ശിലാതുല്യൻ! യേശു അവന് കേഫാ എന്നാൽ പത്രൊസ് എന്ന് പേരിട്ടു.

മൂന്നരവർഷക്കാലം കർത്താവിനോടൊപ്പം ദർശിച്ചതും, അനുഭവിച്ചതുമായ സംഭവങ്ങൾ ഓരോന്നായി പത്രൊസിന്റെ സ്മൃതിപഥത്തിൽ ഉയർന്നുവന്നു. താൻ

കർത്താവിനെ ഞൊടിയിടയിൽ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞെങ്കിലും, കർത്താവിന്റെ സ്നേഹവും, ആർദ്രതയും നിറഞ്ഞ ആ നോട്ടം പത്രൊസിനെ തളർത്തി. അവൻ പുറത്തിറങ്ങി ഇരുളിന്റെ മറവിൽ അതിദുഃഖത്തോടെ കരഞ്ഞു. യഥാർത്ഥ അനുതാപം അവനെ മാനസാന്തരത്തിലേക്കു നടത്തി.

മൂന്നാംനാൾ അതിരാവിലെ ഇരുട്ടുള്ളപ്പോൾ യേശുവിന്റെ കല്ലറയ്ക്കലെത്തിയ മഗ്ദലനമറിയ ഒഴിഞ്ഞ കല്ലറകണ്ട് ആശ്ചര്യപ്പെട്ടു. ശീമോൻ പത്രൊസിനെയും യോഹന്നാനെയും വിവരം ധരിപ്പിച്ചു. രണ്ടുപേരും കല്ലറയ്ക്കലേക്ക് ഓടി. പത്രൊസ് ആകട്ടെ അകത്തു പ്രവേശിച്ചു. ഗുരുനാഥനോടുള്ള സ്നേഹ, ഭക്തിപ്രകടനം ഇവിടെ കാണുന്നു (യോഹ.20:3-6). കല്ലറയ്ക്കൽ സുഗന്ധവർഗ്ഗവുമായി എത്തിയ സ്ത്രീകളോട് ദൂതൻ "നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും, പത്രൊസിനോടും" പുനരുത്ഥാനസന്ദേശം പറവിൻ എന്നു പറയുന്നു. പത്രൊസ് ശിഷ്യവൃന്ദത്തിൽ ഉൾപ്പെട്ടിരുന്നു എങ്കിലും അവന്റെ പേര് എടുത്തു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയം!

യോഹന്നാൻ 21-ാം അദ്ധ്യായത്തിൽ പത്രൊസ് വലയും പടകുമായി മറ്റുശിഷ്യന്മാരെയും കൂട്ടിക്കൊണ്ട് മീൻ പിടിക്കാൻ പോയി. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിച്ചില്ല. പുലർച്ചെ ആയപ്പോൾ കരയ്ക്കു എത്തിയപ്പോൾ യേശു അവരെ സ്വാഗതം ചെയ്തു. യേശുകർത്താവ് അവർക്ക് പ്രഭാത ഭക്ഷണമായ അപ്പവും മീനും ഒരുക്കിയിരുന്നു. ഭക്ഷണാനന്തരം യേശു പത്രൊസിനോട് "യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്ന് മൂന്നു പ്രാവശ്യം ചോദിക്കയുണ്ടായി. മൂന്നര വർഷങ്ങൾക്കുമുമ്പേ കർത്താവിനെ കണ്ടുമുട്ടുന്നതിനു മുമ്പിലത്തെ പേരായ "ശീമോൻ" എന്നാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മൂന്നാമത്തെ പ്രാവശ്യം "കർത്താവേ, നീ സകലവും അറിയുന്നു. എനിക്കു നിന്നോടു പ്രിയമുണ്ട്" എന്നു പത്രൊസ് പറഞ്ഞു. മൂന്നു പ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞ പത്രൊസിന്റെ മൂന്നു പ്രാവശ്യത്തെ ഏറ്റുപറച്ചിൽ! ഏറ്റവും ഹൃദയ സ്പർശകമായ ഒരു ദൃശ്യം. ശീമോൻ എന്ന മറുപേരുള്ള പത്രൊസിന്റെ യഥാസ്ഥാനം (Restoration). കർത്താവ് അവന് "എന്റെ ആടുകളെ മേയ്ക്ക" എന്ന ചുമതലയാണ് നല്കിയത്. പെന്തെക്കോസ്തു നാളിൽ ഉരുവായ "സഭ" എന്ന കുഞ്ഞാടിനെ മേയിക്കുകയും പാലിക്കുകയും ചെയ്യാനുള്ള ദൗത്യം! പത്രൊസ് വിശ്വസ്തനാണ്. കർത്താവ് ഇട്ട അടിസ്ഥാനത്തിന്മേൽ അവൻ പണിയും എന്ന് കർത്താവിന് അറിയാമായിരുന്നു. സമ്പൂർണ്ണ സ്നേഹം, ഭക്തി, വിശ്വസ്തത എന്നിവയിൽ നിന്ന് അവൻ അണുപോലും വ്യതിചലിച്ചില്ല. ഹേരോദാ രാജാവിനോ, തടവു ശിക്ഷയ്ക്കോ അവനെ ഭയപ്പെടുത്താൻ കഴിഞ്ഞില്ല. മാത്രമല്ല, അവൻ ഭാര്യാസമേതനായി സുവിശേഷത്തിനു സാക്ഷ്യം വഹിച്ചു (1 കൊരി. 9:5). അവനെയും, ഭാര്യയെയും ഒരേ സമയത്ത് ക്രൂശിച്ചതായി അലക്സാന്ത്രിയായിലെ ക്ലെമന്തിന്റെ ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നമ്മെപ്പോലെയുള്ള വികാരാവേശങ്ങൾക്ക് കൂടെക്കൂടെ വശംവദനായിരുന്ന പത്രൊസിന്റെ ഹൃദയാന്തർഭാഗങ്ങളെ അറിഞ്ഞിരുന്ന കർത്താവ് അവനോടു പൂർണ്ണമായി ക്ഷമിച്ചു. ആദിമസഭായുഗത്തിലെ പ്രഗത്ഭനായിരുന്ന അപ്പൊസ്തലൻ ഒന്നും രണ്ടും ലേഖനങ്ങളെഴുതി ശ്രേഷ്ഠവചസ്സുകളാൽ തിരുവചനം സംപുഷ്ടമാക്കി.

വിശ്വാസികളായ നമുക്ക് പത്രൊസിന്റെ അനുഭവത്തോട് തുലനം ചെയ്യത്തക്ക സന്ദർഭങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും, കർത്താവിനെ അറിയാത്ത ജനസമൂഹത്തിനിടയിൽ സത്യത്തിന്റെ സാക്ഷികളായി നില്ക്കാത്ത എത്രയോ സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടായിട്ടുണ്ട്! അവിശ്വാസികളുടെയിടയിൽ ഒരു വേർപെട്ട വിശ്വാസിയായി ജീവിക്കുന്നതിൽ പരാജയപ്പെട്ടില്ലേ? വേഷത്തിലും, ഭാവത്തിലും, ഉച്ചാരണത്തിലും അവരേക്കാൾ നാം വ്യത്യസ്തരാണോ? എന്നാൽ നമ്മോടു ക്ഷമിച്ചു നമ്മെ യഥാസ്ഥാനപ്പെടുത്തുവാൻ സന്നദ്ധനായ കർത്താവിന്റെ സന്നിധിയിൽ അനുതാപത്തോടെ പശ്ചാത്തപിക്കുവാൻ നാം ഒരുക്കമുള്ളവരാണോ? നമ്മുടെ ബലഹീനതകളെ ക്ഷമിക്കുവാനും, മറക്കുവാനും അവൻ തയ്യാറാണ്. "നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" നമ്മെ സ്നേഹപൂർവ്വം നോക്കിക്കൊണ്ടു യേശുകർത്താവ് നമ്മോടു ചോദിക്കുന്നു.

❑

# നല്ല വാക്ക്

സാറാമ്മ ശശി, കവിയൂർ



അനുദിന ജീവിതത്തിലെ വാക്കുകളും സംഭാഷണത്തിലും ആശയവിനിമയത്തിലൂടെയുമാണ് നമ്മുടെ വ്യക്തിത്വം മനസ്സിലാക്കുന്നത്. സമൂഹത്തിന്റെ നിലനില്പും അതിലൂടെ സാദ്ധ്യമാകുന്നു. അന്യോന്യം അറിവുപകരുവാനും, പങ്കുവയ്ക്കുവാനും ആശ്വസിപ്പിക്കുവാനും ഉചിതമായ "നല്ല വാക്കുകൾ" ഉപയോഗിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്. നല്ല വാക്കിന്റെ പ്രത്യേകത സദൃശ. 12:25 ൽ ഇപ്രകാരം കാണുന്നു. "മനോവ്യസനം ഹേതുവായി മനുഷ്യന്റെ മനസ്സിടിയുന്നു; ഒരു നല്ല വാക്കോ അതിനെ സന്തോഷിപ്പിക്കുന്നു" മനോവ്യസനം അനുഭവിക്കാത്തവരായി ആരും കാണുകയില്ല എന്നാൽ ഒരു നല്ലവാക്ക് അതിനെ സന്തോഷിപ്പിക്കുന്നുവെന്നാണ് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ രേഖപ്പെടുത്തിയിരിക്കുന്നത്. സദൃശ 15:13-ൽ ഹൃദയത്തിലെ വ്യസനം കൊണ്ടോ ധൈര്യം ക്ഷയിക്കുന്നു. സദൃശ 17:22, 18:14 ലും തകർന്ന മനസ്സിന്റെ (ഹൃദയത്തിന്റെ) അവസ്ഥകൾ വ്യക്തമാക്കുന്നു.

1. യെശ 50:4 "തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന് യഹോവയായ കർത്താവ് എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു". ക്രിസ്തുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പു പ്രാപിച്ച ദൈവമക്കൾ ശിഷ്യന്മാരാണ്. ആകയാൽ നമ്മുടെ വാക്കുകൾ തളർന്നിരിക്കുന്നവരെ താങ്ങുവാൻ ഉപകരിക്കുമാറാകട്ടെ.

2. എഫെ. 4:29 കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്ന് ആവശ്യംപോലെ ആത്മികവർദ്ധനയ്ക്കായി നല്ല വാക്കു ഉപയോഗിക്കുവാൻ പരിശ്രമിക്കേണ്ടതാണ് അതിനായി ദൈവം കൃപ നല്കട്ടെ.

3. എഫെ. 4:30 പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതായ ആകാത്ത വാക്കുകൾ നമ്മിൽ നിന്നും വരാതെ സൂക്ഷിക്കാം.

4. കൊലൊ. 4:6. "നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമായിരിക്കുവാൻ ശീലിക്കാം. നമ്മുടെ വാക്കുകൾ വിവേകത്തോടും, ബുദ്ധിയോടുംകൂടിയായിരിക്കുവാൻ ശ്രമിക്കാം. അതിനായി ദൈവകരങ്ങളിൽ ഏല്പിക്കാം.

ഇപ്രകാരം വിവേകത്തോടും ബുദ്ധിയോടും പ്രവർത്തിച്ച ഒരു സ്ത്രീയെ രൂത്തിന്റെ പുസ്തകത്തിൽ ദർശിക്കാം. "ദൈവം എന്റെ രാജാവാകുന്നു'' എന്ന ഏലീമെലെക്കും, 'ദൈവം എന്റെ സന്തോഷം, എന്ന നവൊമിയും, മെലിഞ്ഞവൻ, രോഗി എന്നർത്ഥമുള്ള മഹ്ലോൻ, കില്യോൻ എന്ന 2 മക്കളുമായി അപ്പത്തിന്റെ ഭവനമായ ബേത്ലഹേമിലെ ക്ഷാമം നിമിത്തം ഭൗതികമായി വളരെ നേട്ടങ്ങളുള്ളതായ മോവാബിലേക്കു പരദേശിയായി പാർപ്പാൻ പോയി. ദൈവദൃഷ്ടിയിൽ ഈ സ്ഥലം വളരെ നികൃഷ്ടമായിരുന്നു (സങ്കീ. 60:8, 108:9) മോവാബ്യരുടെ പത്താം തലമുറപോലും ദൈവസന്നിധിയിൽ വരുവാൻ അനുവാദം ഇല്ലായിരുന്നു. (ആവ. 23:3) വിഗ്രഹാരാധികളുമായിരുന്നു. ഭൗതികനന്മതേടിപ്പോയ ഈ കുടുംബത്തിന്റെ ആത്മികനില തകർന്നു (നഷ്ടമായി). അവർക്കുവേണ്ടി യാഗം കഴിപ്പാൻ അഭിഷിക്തരായ പുരോഹിതന്മാരും ഇല്ലാതായി. അന്യജാതിക്കാരോടു ചേർന്നുള്ള ജീവിതംമൂലം കൂട്ടായ്മകൾക്കും മുടക്കം വന്നു. 2കൊരി 6:14-കാണുന്ന പ്രകാരം "അവിശ്വാസികളുമായി ഇണയല്ലാപ്പിണ കൂടരുത്" എന്നുള്ള ദൈവിക നിയമം ലംഘിച്ച്

മക്കളായ മഹ്ലോനും, കില്യോനും രൂത്ത്, ഓർപ്പ എന്നീ മോവാബ്യ സ്ത്രീകളെ വിവാഹം കഴിച്ച് ദൈവിക കല്പനകളെ മനഃപൂർവ്വം വിസ്മരിച്ചു. അറിവില്ലായ്മ ദൈവം ക്ഷമിക്കുമെങ്കിലും ദൈവിക പ്രമാണങ്ങളെ അവഗണിച്ചാൽ കർത്താവു സഹിക്കുകയില്ല എന്നുള്ള മുന്നറിയിപ്പാണ് തുടർന്നുള്ള ഇവരുടെ ജീവിത സാഹചര്യങ്ങളിലൂടെ വ്യക്തമാക്കുന്നത്.

ഏകദേശം പത്തുവർഷം സുഖലോലുപരായി ജീവിച്ചു (രൂത്ത് 1:4). തുടർന്ന് ഭവനത്തിൽ പ്രതിസന്ധി ആരംഭിച്ചു. നവൊമിയുടെ ഭർത്താവ് മരിച്ച് മോവാബിന്റെ മണ്ണിനേല്പിക്കപ്പെട്ടുവെങ്കിലും മനം തിരിയാതിരുന്നവളുടെ 2 ആൺമക്കളും അവിടെ മരിച്ചു. തന്മൂലം എല്ലാ ആശ്രയവും പ്രതീക്ഷകളും നഷ്ടപ്പെട്ട് തുല്യ ദുഃഖിതരായ 3 വിധവമാർ മാത്രം ശേഷിച്ചു. കുടുംബത്തിന് ഭാവിതലമുറയില്ല. ആർക്കും ആരെയും സഹായിപ്പാൻ കഴിയാത്ത അവസ്ഥ. നോക്കൂ! എത്ര ശോചനീയമായ സാഹചര്യം!! ആശ്വസിപ്പിക്കുവാനോ, സഹായിക്കുവാനോ യഹോവയുടെ ജനം (കൂട്ടുവിശ്വാസികൾ) ഇല്ലാതായി. തികച്ചും ദുഃഖം (വ്യസനം) നിറഞ്ഞതായ സാഹചര്യം എത്ര പരിതാപകരമാണ്. ആ സ്ത്രീകളുടെ മാനസികവേദന. ഭൗതിക നന്മതേടിപ്പോയവരുടെ ഇപ്പോഴത്തെ സ്ഥിതി വളരെ ഭയാനകം. ദൈവികസാന്നിദ്ധ്യം വിട്ടുപോയതിന്റെ ഫലമായ അനാഥത്തിലെത്തിച്ചേർന്നത് നമുക്കൊരു മുന്നറിയിപ്പാണു നല്കുന്നത്.


ഈ സമയത്ത് വിധവയും, നിരാശിതയും, നിരാലംബയുമായ നവൊമിയുടെ വാക്കുകൾ രൂത്ത് 1:13 "യഹോവയുടെ കൈ എനിക്കു വിരോധമായി പുറപ്പെട്ടിരിക്കയാൽ നിങ്ങളെ വിചാരിച്ച് ഞാൻ വളരെ വ്യസനിക്കുന്നു" ഇതിൽ നിന്നും ആ സ്ത്രീയുടെ മനോവ്യസനത്തിന്റെ ആഴം എത്രയെന്നു വ്യക്തമാകുന്നു. വ്യസനത്തിന്റെ ആധിക്യത്താൽ ധൈര്യം ക്ഷയിച്ച് അനുതാപവും പശ്ചാത്താപവും ഉള്ളവളായി ബേത്ലഹേമിലേക്കു മടങ്ങിപ്പോകുവാൻ തീരുമാനമെടുത്ത് മരുമക്കളോട് തങ്ങളുടെ സ്വന്തഭവനത്തിലേക്കും ദേവന്മാരുടെയും അടുക്കലേക്കു മടങ്ങിപൊയ്ക്കൊൾവാൻ നിർബ്ബന്ധിക്കുന്നു. അവർ പൊട്ടിക്കരഞ്ഞു. ഓർപ്പ അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു. എന്നാൽ രൂത്ത് അമ്മാവിയമ്മയോട് പറ്റിനിന്നു (രൂത്ത് 1:14). അതിലുപരിയായി ഈ ഭവനത്തിൽ നിന്നും മനസ്സിലാക്കിയ ദൈവത്തോടു പറ്റിനിന്നുവെന്നു ചിന്തിക്കാം. സങ്കീ 91:14. തൽഫലമായി ദൈവം അവളെ മാനിച്ചു. നിരാലംബയും ഏകാകിയും വിധവയും മാത്രമല്ല പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്ത വയോവൃദ്ധയായ സ്ത്രീക്കുവേണ്ടി മോവാബിൽ തനിക്കു ലഭിക്കാവുന്ന എല്ലാ സുഖസൗകര്യങ്ങളും ത്യജിച്ച് വ്യത്യസ്തമായ ദേശത്തേക്കു പോകുവാനും മാതാവിന്റെ ദൈവത്തെ ആരാധിപ്പാനും അവരുടെ സംരക്ഷണ ചുമതല ഏറ്റെടുക്കുന്നതും പ്രശംസനീയമാണ്.

രൂത്ത് 1:16,17 "നിന്നെ വിട്ടുപിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപോകുവാനും എന്നോടു പറയരുതേ; നീ പോകുന്നേടത്തു ഞാനും പോരും; നീ പാർക്കുന്നേടത്തു ഞാനും പാർക്കും; നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നേടത്തു ഞാനും മരിച്ചു അടക്കപ്പെടും; മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ യഹോവ തക്കവണ്ണവും അധികവും എന്നോടു ചെയ്യുമാറാകട്ടെ" എന്നിത്യാദിയുള്ള രൂത്തിന്റെ "നല്ലവാക്കുകൾ" കേട്ടപ്പോൾ നവൊമിയുടെ സന്തോഷം എത്ര വലുതാണെന്നോർക്കുക. ഹാ! എന്ത് ആശ്വാസകരം. ഹൃദയത്തിലെ വ്യസനത്തിന്റെ ആധിക്യത്താൽ ധൈര്യം നഷ്ടപ്പെട്ടതായ ഈ സ്ത്രീയുടെ ജീവിതം ധന്യമായി. ഇപ്പോൾ ഇവർക്ക് വിശ്വസിക്കുവാൻ പറ്റിയ ഏക ആശ്രയം മരുമകൾ രൂത്ത് മാത്രം. മാതാപിതാക്കളെയും, സ്വന്തദേശത്തെയും, ദേവന്മാരെയും വിട്ട് ഈ മാതാവിന്റെ ദൈവത്തിലാശ്രയിച്ച് ഇറങ്ങി തിരിച്ചവൾ.

ഇതാ വ്യത്യസ്തരായ 2 വ്യക്തികൾ യാതൊരു വിധമായ അപസ്വരമോ, പിറുപിറുപ്പോ, വിദ്വേഷമോ ഇല്ലാതെ ഒരുമിച്ച് ചേർന്ന് ഐക്യമായി നടക്കുന്നത് വളരെ മഹ

*ശേഷം 20-ാം പേജിൽ*

# നമ്മെപ്പോലെ നമ്മുടെ അയല്ക്കാരെയും സ്നേഹിക്കാം



ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

അടുത്തടുത്ത ദിവസങ്ങളിൽ പത്രത്തിൽ വായിച്ച ചില ആത്മഹത്യകൾ എന്നെ വളരെ അസ്വസ്ഥനാക്കി. നവംബർ 10, 2020-ന് 36-കാരനും മൂന്നു മക്കളുടെ പിതാവുമായ ആളിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. അതിനുതൊട്ടു മുമ്പിലത്തെ ദിവസം 34 വയസ്സുള്ള ഭാര്യയും 13, 11, 9 വയസ്സുകാരായ മൂന്ന് ആൺകുട്ടികളും തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുന്നു. ചുരുക്കത്തിൽ ഒരു കുടുംബത്തിലെ എല്ലാവരും ആത്മഹത്യ ചെയ്തിരിക്കുന്നു. ഈ വാർത്ത അച്ചടിച്ച മഷി ഉണങ്ങുന്നതിനുമുമ്പ് രണ്ടു കോളജു വിദ്യാർത്ഥിനികളുടെ (വയസ്സ് 21) മൃതദേഹങ്ങൾ വേമ്പനാട്ടു കായലിൽ കണ്ടെത്തുന്നു. രണ്ടുപേരും സ്വകാര്യകോളജിലെ ബി. എ. വിദ്യാർത്ഥിനികൾ ആയിരുന്നു. ഈ ആത്മഹത്യ ചെയ്തവർക്കെല്ലാം എന്തോ വലിയ പ്രശ്നങ്ങൾ ഉണ്ടായിരുന്നു എന്നും നാം ചിന്തിച്ചേക്കാം. പക്ഷേ, അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാണോ ജീവനെ അവർ സ്വയം ഇല്ലാതാക്കുന്നത്? ശാസ്ത്രം വളരെ വളർന്നെങ്കിലും ഒരു ജീവൻ ശരീരത്തിൽ നിന്നും വേർപെട്ടാൽ ആ ജീവനെ മടക്കി വരുത്തുവാൻ ശാസ്ത്രത്തിന് കഴിയുന്നില്ല.

ഭാവിയുടെ വാഗ്ദാനങ്ങളായ ഇവർ അകാലത്തിൽ പൊലിയാൻ കാരണമെന്തും ആയിക്കൊള്ളട്ടെ. ഒരു ന്യായീകരണവും ആർക്കും നല്കാൻ സാധ്യമല്ല. നാം ജീവിക്കുന്ന സമൂഹത്തിനു ഇവരുടെ ആത്മഹത്യകളെ ഒഴിവാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു പോകയാണ്. ഒരു പക്ഷേ അത് അസ്ഥാനത്തായിരിക്കാം.

വർഷങ്ങൾക്കുമുമ്പ് ഒരു 11 വയസ്സുകാരൻ മഴയും തണുപ്പുമുള്ള ഒരു സായാഹ്നത്തിൽ ലഘുലേഖ വിതരണത്തിനായി തനിയെ പോകുന്നു. സാധാരണ അവൻ സ്ഥലത്തെ സഭയിലെ ശുശ്രൂഷകനായ സ്വപിതാവിനോടൊപ്പമാണ് പതിവായി പോയിരുന്നത്. അന്നു മഴയും തണുപ്പും പിതാവിനുപോകാൻ തടസ്സമായെങ്കിലും ചുറുചുറുക്കുള്ള പതിനൊന്നുകാരൻ പിതാവിന്റെ അനുമതിയോടെ ലഘുലേഖകളുമായി വീടുവീടാന്തരം പോയി തന്റെ ദൗത്യം നിർവ്വഹിച്ചു. അവസാനം ഒരു തുണ്ടു കടലാസുമാത്രം അവന്റെ കൈയിലുണ്ട്. അതുംകൂടി കൊടുത്തിട്ടേ വീട്ടിലേക്കു മടങ്ങു എന്നു തീരുമാനിച്ച കുട്ടി വഴിയിലെങ്ങും ആരെയും കാണാഞ്ഞതുകൊണ്ട് അടഞ്ഞുകിടന്ന ഒരു വീടിന്റെ വാതില്ക്കൽ ചെന്നു ബെല്ലടിച്ചു. ആരും തുറന്നില്ല. ബല്ലടി കൂടിക്കൂടി വന്നു. എന്നിട്ടും ആരും വന്നു വാതിൽ തുറന്നില്ല. പിന്മാറാതെ അവൻ പ്രവേശന കവാടത്തിൽ ചെന്നു ഉച്ചത്തിൽ മുട്ടിക്കൊണ്ടിരുന്നു. അവസാനം വാതിൽ മന്ദമായി തുറക്കപ്പെട്ടു. ഒരു വൃദ്ധ വന്ന് "കുഞ്ഞേ നിനക്കെന്താണു വേണ്ടതെ"ന്ന് ചോദിച്ചു. സുസ്മേര വദനനായ കുട്ടി ''യേശു അമ്മച്ചിയെ സ്നേഹിക്കുന്നു'' എന്നു പറഞ്ഞുകൊണ്ട് അവന്റെ കൈയിലുണ്ടായിരുന്ന അവസാനത്തെ ലഘുലേഖ അവർക്കു സമ്മാനിച്ചിട്ട് ഓടിമറഞ്ഞു.

അടുത്ത ഞായറാഴ്ച ആരാധനായോഗം ആരംഭിച്ചപ്പോൾ ആർക്കെങ്കിലും സാക്ഷ്യം പറയാനുണ്ടെങ്കിൽ പറയാം എന്നു സഭാശുശ്രൂഷകൻ (നമ്മുടെ കഥയിലെ

കുട്ടിയുടെ പിതാവ്) പറഞ്ഞു. സഭാഹാളിന്റെ ഏറ്റവും പുറകിൽ ഒരു സ്ത്രീ എഴുന്നേറ്റു നിന്ന് അവരുടെ അനുഭവം പങ്കുവച്ചു. ചില വർഷങ്ങൾക്കുമുമ്പേ അവരുടെ ഭർത്താവു മരിച്ചുപോയി. ജീവിതത്തിൽ നിരാശമാത്രം കൈമുതലായുണ്ടായിരുന്ന സ്ത്രീ ഇനി ജീവിച്ചിരുന്നിട്ടു കാര്യമില്ല എന്നു തീരുമാനിച്ച് ആത്മഹത്യയ്ക്കു ഒരുങ്ങി. കഴുത്തിൽ കുരുക്കിടാൻ തുടങ്ങിയ സമയത്ത് ആരോ വീടിന്റെ ബെല്ലടിക്കുന്നതുകേട്ട അവർ അല്പം പകച്ചു നിന്നു. ബെല്ലടി തുടർന്നു. പിന്നെ വലിയ ശബ്ദത്തിൽ വാതില്ക്കൽ ആരോ മുട്ടിക്കൊണ്ടിരുന്നു. അവർ സാവധാനം വാതിൽ തുറന്നപ്പോൾ അലൗകിക പ്രഭാപ്രസരമുള്ള ഒരു ബാലനെ കണ്ടു അവർ അത്ഭുതസ്തബ്ധയായി. യേശു അവരെ സ്നേഹിക്കുന്നു എന്നു പറഞ്ഞ ബാലൻ അവർക്കു കൊടുത്ത ലഘുലേഖ അവർ ഉയർത്തിക്കാണിച്ചിട്ട് അതിന്റെ പിന്നിൽ ആ സ്ഥലം സഭയുടെ വിലാസമുള്ളതുകൊണ്ടാണ് അവർ അവിടെ ചെന്നതെന്നും അവർ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിച്ചെന്നും കൂട്ടിച്ചേർത്തു. ഒരു ചെറുബാലകന്റെ ശുഷ്കാന്തി ഒരു ജീവനെ രക്ഷിച്ചുവെന്നു മാത്രമല്ല ആ വൃദ്ധ യേശുക്രിസ്തുവിലൂടെ മാത്രം ലഭ്യമാകുന്ന നിത്യജീവന്റെ ഉടമയും ആയി.

പ്ലാറ്റ്ഫോമിൽ നിന്ന പിതാവു താഴെയിറങ്ങി തന്റെ മകൻ ഇരുന്നിടത്തുവന്ന് അവനെ വാരിപ്പുണർന്നു. മഴയെയും, ശൈത്യത്തെയും വകവയ്ക്കാതെ ആത്മഭാരത്തോടെ ലഘുലേഖ വിതരണത്തിനു ആ മകൻ പോയതുകൊണ്ട് ഒരു ജീവനെ അവനിലൂടെ രക്ഷിക്കുവാൻ ഇടയായതോർത്തു ദൈവത്തിനു മഹത്ത്വം കരേറ്റി.

ഈ കഥ വായിച്ചപ്പോൾ സുദീർഘ വർഷങ്ങൾക്കു മുമ്പ് ഞങ്ങൾക്കുണ്ടായ ഒരു അനുഭവം പങ്കുവയ്ക്കാമെന്നു കരുതി. ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പ്രസിദ്ധീകരണമായ ഗുഡ്ന്യൂസ് അപ്ഡേറ്റു പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഞങ്ങളുടെ കറസ്പോണ്ടൻസ് കോഴ്സു പഠിക്കുന്നവർക്കു പ്രസ്തുത മാസികയും തപാൽവഴി ലഭിച്ചിരുന്നു. ഞങ്ങളുടെ ഒരു വിദ്യാർത്ഥി (ഒരു യുവാവ്) ജീവിതനൈരാശ്യം കൊണ്ട് ആത്മഹത്യ ചെയ്യാൻ തീരുമാനിച്ച് കടയിൽ പോയി വിഷം വാങ്ങി മടങ്ങിവരുമ്പോൾ വഴിയിൽവച്ച് തന്നെ അന്വേഷിക്കുന്ന പോസ്റ്റുമാനെ കണ്ടു. ഈ വിദ്യാർത്ഥിക്കു ഞങ്ങൾ അയച്ചിരുന്ന ഗുഡ്ന്യൂസ് അപ്ഡേറ്റുമാസിക പോസ്റ്റുമാൻ ആ യുവാവിനു നല്കി. ഒരു കൈയിൽ വിഷവും മറ്റേ കൈയിൽ ഞങ്ങളുടെ മാസികയുമായി ഭവനത്തിൽ എത്തിയ യുവാവ്, മാസിക വായിച്ചിട്ടാകാം ആത്മഹത്യയെന്നു തീരുമാനിച്ചു. അയാളുടെ കൈയിൽ കിട്ടിയ അപ്ഡേറ്റിലെ ഹൃദയസ്പർശിയായ ഒരുലേഖനം അയാളുടെ ജീവിതത്തെ മാറ്റിമറിച്ചു. വിഷം നശിപ്പിച്ച് അയാൾ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായിത്തീർന്നു.

ചില മാസങ്ങൾക്കുശേഷം, കണ്ണമ്മൂല സെമിനാരിയിൽ ഞങ്ങൾ നടത്തിയ ത്രിദിന ക്യാമ്പിൽ സംബന്ധിച്ചപ്പോഴാണ് മേല്പറഞ്ഞ സംഭവം അദ്ദേഹം നേരിട്ട് പ്രസ്താവിച്ചത്. ക്യാമ്പിനുശേഷം ബൈബിൾകോളജിൽ പോയി പഠനം നടത്തി. പൂർണ്ണസമയം സുവിശേഷവേലയിലായി. പില്ക്കാലത്ത് വിദേശത്തു ജോലി ചെയ്ത സഹോദരൻ സമ്പാദിച്ച സ്വത്തുക്കൾ കർത്താവിന്റെ വേലയ്ക്ക് ചെലവഴിച്ചതിന്റെ ഫലമായി നിരവധി സ്ഥലംസഭകൾ ഉടലെടുത്തതായി അറിയുവാനിടയായി.

നേരത്തെ പരാമർശിച്ച രണ്ടു ഉദാഹരണങ്ങളിലും ആത്മഹത്യകൾക്കു തടയിടാൻ പ്രത്യക്ഷമായോ പരോക്ഷമായോ മാനുഷിക പരിശ്രമം ഉണ്ടായിരുന്നുവെന്ന് വ്യക്തമാണ്. ആദ്യത്തെ സംഭവം തിരുത്തിക്കുറിച്ചത് കേവലം പതിനൊന്നു വയസ്സുള്ള ഒരു ബാലനാണ്. സമസ്യഷ്ടങ്ങളോടുള്ള അവന്റെ

ഈ കൊറോണക്കാലത്ത് മാതാപിതാക്കളുടെ ഒരു കണ്ണ് മക്കളുടെമേൽ എപ്പോഴും ഉണ്ടായിരിക്കണം. രാത്രിയിൽ അവർ ഉറങ്ങുന്നുവോ? അതോ ഫോണിൽ ഗയിം കളിക്കുകയാണോ? തങ്ങളുടെ ആഗ്രഹങ്ങൾ സാധിക്കാതെ വരുമ്പോൾ ക്രമേണ അവരും ഏകാന്തതയിലേക്കോ, വിഷാദരോഗികളായിട്ടോ അല്ലെങ്കിൽ ആത്മഹത്യയിലേക്കോ വഴുതിപ്പോകുന്നു. അതുപോലെ പ്രിയപ്പെട്ടവരുടെ വേർപാടിൽ നിന്നും കരകയറാൻ കഴിയാതെ മരിച്ചാൽ മതി എന്നും തീരുമാനിച്ച് ഒറ്റപ്പെട്ടുപോയവരെ കണ്ടെത്തുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരെ ജീവിതത്തിലേക്കു തിരികെകൊണ്ടു വരുവാനും നാം കർമ്മോത്സുകരാകേണ്ടതാണ്.

യേശുവിനോട് എല്ലാ വിഷമങ്ങളും പ്രശ്നങ്ങളും തുറന്ന് പറഞ്ഞ് വേദനകൾ ഇറക്കിവയ്ക്കുകയാണങ്കിൽ നമ്മുടെ എല്ലാറ്റിനും പരിഹാരം കാണുവാൻ സാധിക്കും. കൂടാതെ ഉത്തരം കിട്ടാത്ത നമ്മുടെ ചോദ്യങ്ങൾക്ക് ദൈവവചനത്തിൽകൂടെ ദൈവത്തിന്റെ ആത്മാവ് നമ്മോടു സംസാരിക്കും. അതിനൊരു പരിഹാരം കാണുവാൻ നമുക്ക് സാധിക്കണം. മറ്റു മനുഷ്യരിലേക്ക് നമുക്ക് ഒന്നു ഇറങ്ങി ചെല്ലാം. വലുപ്പച്ചെറുപ്പങ്ങൾ എല്ലാം മറക്കാം. യേശുക്രിസ്തുവിൽ എല്ലാവരേയും ഒന്നായി കാണാം.

പാപാന്ധകാരത്തിൽ കഴിഞ്ഞിരുന്ന നമ്മെ രക്ഷിക്കുവാൻ വേണ്ടി ദൈവം തന്റെ ഏകജാതനായ പുത്രനെ നമ്മുടെ പകരക്കാരനായി ഈ ഭൂമിയിലേക്ക് അയച്ചു (യോഹ:3:16). അവിടുത്തെ ത്യാഗമരണം നമുക്കു നിത്യജീവന്റെ പുതുവഴി തുറന്നു തന്നു. ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ നാം നമ്മുടെ സമസൃഷ്ടികളെയും സ്നേഹിക്കണം എന്നാണു കർത്താവു നാമോരുത്തരെയും കുറിച്ചു പ്രതീക്ഷിക്കുന്നത്. ഇനിയെങ്കിലും നമ്മെപ്പോലെ നമ്മുടെ അയല്ക്കാരെയും സ്നേഹിക്കാനും കരുതാനും ദൈവം നമുക്കു കൃപ നല്കട്ടെ. ❑

സ്നേഹവും കരുതലും അനുകരണീയമായ ഒരു നല്ല മാതൃകയാണ് നാമേവർക്കും. പെരുമഴയെയും അതിശൈത്യത്തെയും അവഗണിച്ച് ബാലൻ ഇറങ്ങിത്തിരിച്ചത് ക്രിസ്തുവില്ലാത്ത ശവക്കുഴിയിൽ നിന്നും ഒരാളെയെങ്കിലും രക്ഷിക്കണമെന്നുള്ള അദമ്യമായ ആവേശം കൊണ്ടായിരുന്നു. അതു പ്രത്യക്ഷമായ പരിശ്രമം.

ആത്മഹത്യ ചെയ്യാൻ അരയും തലയും മുറുക്കിയിറങ്ങിയ യുവാവിനെ ആ ഉദ്യമത്തിൽ നിന്നും പിന്തിരിപ്പിച്ചത് ഒരു ക്രൈസ്തവ കുടുംബ മാസികയിലെ ഒരു ലേഖനം വായിച്ചതുകൊണ്ടായിരുന്നു. അത് പരോക്ഷമായ മാനുഷിക പിന്തുണയായി പരിഗണിക്കാവുന്നതാണ്.

നമ്മുടെ നാട്ടിലും ദിവസങ്ങളുടെ അകലത്തിൽ പൊലിഞ്ഞ ഏഴു ജീവിതങ്ങളെ അവരുടെ ഉദ്യമത്തിൽനിന്നും പിന്തിരിപ്പിക്കാൻ അവർ ഇടപഴകുന്ന സമൂഹത്തിനോ ബന്ധുമിത്രാദികൾക്കോ കഴിയാതെ പോയത് ദൗർഭാഗ്യമായിപ്പോയി. ഒരു പക്ഷേ നമ്മുടെ മനസ്സിൽ ഉയരുന്ന ഒരു ചോദ്യം: "ഞാൻ എന്റെ അനുജന്റെ കാവല്ക്കാരനോ" എന്നായിരിക്കാം (ഉത്പത്തി 4:9). നമ്മുടെ ഉത്തരവാദിത്തം തന്നെ. അതിനെ ലഘുവായി കാണേണ്ടതില്ല.

കൊറോണക്കാലത്ത് വാഹന അപകടങ്ങളേക്കാൾ ആത്മഹത്യ ഏറ്റവും അധികമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നാം നമ്മുടെ സഭയിലും, ജോലിസ്ഥലത്തും, താമസസ്ഥലത്തിന് ചുറ്റുപാടും, യാത്രകളിലും ആരോടും ഒന്നും സംസാരിക്കാതെ ഒതുങ്ങിക്കൂടി മൗനമായി ജീവിക്കുന്നവരെ കണ്ടെത്തുകയും അവരുമായി സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്യണം. അപ്പോൾ മാത്രമേ അവരുടെ ദുഃഖത്തിൽ പങ്കുചേരുവാനും ആശ്വസിപ്പിക്കുവാനും പെട്ടെന്നുള്ള അവരുടെ തെറ്റായ തീരുമാനങ്ങളിൽ നിന്നും പിന്തിരിപ്പിക്കുവാനും നമുക്ക് സാധിക്കുകയുള്ളൂ.

# മഗ്ദലക്കാരത്തി മറിയ

ജോർജ് ജോൺ, തിരുവനന്തപുരം



“**അ**വനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൗഖ്യം വരുത്തിയ ചില സ്ത്രീകളും ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും..... ഉണ്ടായിരുന്നു” (ലൂക്കൊ. 8:2).

മഗ്ദലക്കാരത്തി മറിയയെക്കുറിച്ച് വിശുദ്ധ വേദപുസ്തകത്തിൽ കാണുന്ന ആദ്യത്തെ പരാമർശമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. കർത്താവായ യേശുവിനെ അനുയാത്ര ചെയ്ത ചില വ്യക്തികളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. പലപ്പോഴും ഒരു വലിയ പുരുഷാരം തന്നെ അനുഗമിച്ചിരുന്നെങ്കിലും തന്റെ സന്തതസഹചാരികളായിരുന്ന പന്തിരുവരെക്കൂടാതെ കൂടുതലായി തന്നോടു സമ്പർക്കം പുലർത്തുകയും സഹകരിക്കുകയും ചെയ്തിട്ടുള്ളവരുടെ കാര്യമാണ് ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നത്. മഗ്ദലക്കാരത്തി മറിയയെക്കൂടാതെ “ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്നയും മറ്റു പല സ്ത്രീകളും” എന്നു കാണുന്നു “ശൂശന്ന” എന്നു പേർ എടുത്തു പറഞ്ഞിട്ടുണ്ടെങ്കിലും അവൾ ആരാണെന്ന് പറഞ്ഞിട്ടില്ല. ഈ സ്ത്രീ യോഹന്നയുടെ സഹോദരിയായിരിക്കാൻ സാധ്യതയുണ്ട്. തങ്ങളുടെ വസ്തുവകകൊണ്ട് അവർക്ക് ശുശ്രൂഷ ചെയ്തുപോന്നു എന്ന വിശേഷണത്തിൽ നിന്നും മേല്പറഞ്ഞ സ്ത്രീകൾ എല്ലാവരും തന്നെ അല്പം സാമ്പത്തികശേഷിയുള്ളവരായിരുന്നെന്ന് അനുമാനിക്കാവുന്നതാണ്. കൂടാതെ അവരിൽ പലരും എപ്പോഴെങ്കിലും കർത്താവിന്റെ സൗഖ്യദായകമായ സ്പർശനം അനുഭവിച്ചിട്ടുള്ളവരാണെന്നും മനസ്സിലാക്കാം.

മഗ്ദലക്കാരത്തി മറിയ അവളുടെ പേരിനോട് ചേർത്തു പറഞ്ഞിരിക്കുന്നതുപോലെ ‘മഗ്ദല” എന്ന സ്ഥലത്തു നിന്നും വന്നവളാണെന്നു കരുതാം. ഗലീലക്കടൽ തീരത്തോടടുത്തു കിടക്കുന്ന ഒരു ചെറിയ പട്ടണമാണ് മഗ്ദല. ആധുനിക കാലത്ത് മിഗ്ദാല എന്നാണ് ഈ പട്ടണം അറിയപ്പെടുന്നത്. മീൻപിടുത്തമാണ് ഇവിടുത്തെ മുഖ്യതൊഴിൽ.

“ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും” എന്നാണ് മറിയയെ വിശേഷിപ്പിച്ചിരിക്കുന്നത്. കർത്താവായ യേശുവിന്റെ സൗഖ്യദായക സ്പർശനം മൂലമായിരിക്കണം അവൾക്ക് സൗഖ്യം ലഭിച്ചത്. എന്നാൽ എപ്പോഴാണ് അതു സംഭവിച്ചതെന്ന് വേദപുസ്തകത്തിൽ എഴുതിയിട്ടില്ല. ഏഴു ഭൂതങ്ങൾ എന്നു പറഞ്ഞിരിക്കുന്നത് കാമം, ക്രോധം, മോഹം, അത്യാഗ്രഹം, അസൂയ മുതലായ ഏഴു ദുസ്വഭാവങ്ങൾ ആയിരുന്നെന്നും കർത്താവിനോടുള്ള സാമീപ്യം മൂലം അവളുടെ എല്ലാ ദുസ്വഭാവങ്ങളും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നാണ് മനസ്സിലാക്കേണ്ടതെന്നും ചില അഭിനവ വ്യാഖ്യാതാക്കൾ അവകാശപ്പെടുന്നു. എന്നാൽ മേല്പറഞ്ഞ വാദഗതി തികച്ചും വചന വിരുദ്ധമാണെന്നു കാണാൻ കഴിയും. ഏഴു ഭൂതങ്ങൾ എന്ന് തിരുവചനത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുള്ളതിനാൽ അത് ഏഴുഭൂതങ്ങൾ അഥവാ ദുരാത്മക്കൾ തന്നെ ആയിരിക്കണം. അവയിൽ നിന്നുള്ള വിടുതലാണ് കർത്താവ് അവൾക്കു നല്കിയത്.

മഗ്ദലക്കാരത്തി മറിയ വാസ്തവത്തിൽ ആരായിരുന്നു? എപ്പോൾ എങ്ങനെയാണ് അവൾ കർത്താവിന്റെ വാത്സല്യശിഷ്യ

യായിത്തീർന്നത്? കർത്താവിന്റെ പുനരുത്ഥാനത്തിനു ശേഷം അവൾക്ക് എന്തു സംഭവിച്ചു? ഇത്യാദി ചോദ്യങ്ങൾ അവശേഷിക്കുന്നു. മലയാളഭാഷയിലെ ഒരു മഹാകവിയായിരുന്ന വള്ളത്തോൾ നാരായണ മേനോൻ 'മഗ്ദലന മറിയം" എന്ന പേരിൽ ഒരു ഖണ്ഡകാവ്യം രചിച്ചിട്ടുണ്ട്. ലൂക്കൊ. 7:36-50 ൽ ശീമോൻ എന്ന പരീശന്റെ ഭവനത്തിൽ വച്ചു നടന്ന സംഭവത്തിലെ പാപിനിയായ സ്ത്രീ മഗ്ദലക്കാരത്തി മറിയ ആയിരുന്നെന്നുള്ള സങ്കല്പത്തിലാണ് മേല്പറഞ്ഞ കാവ്യം രചിച്ചിട്ടുള്ളത്.

''പൊയ്ക്കൊൾക പെൺകുഞ്ഞേ ദുഃഖം വെടിഞ്ഞു നീ-
യുൾക്കൊണ്ട വിശ്വാസം കാത്തു നിന്നെ;
അപ്പപ്പോൾ പാതകം ചെയ്തതിനൊക്കെയു
-മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം!"

എന്ന വാക്കുകളോടാണ് പ്രസ്തുത കാവ്യം അവസാനിക്കുന്നത്. എന്നാൽ ആ പാപിനിയായ സ്ത്രീ മഗ്ദലക്കാരത്തി മറിയ ആയിരുന്നു എന്നുള്ള യാതൊരു സൂചനയും തിരുവെഴുത്തിലില്ല. ആകയാൽ അത് കേവലം കവി സങ്കല്പം മാത്രമാണെന്ന് കരുതേണ്ടതാണ്.

യോഹ. 8:1-11 വാക്യങ്ങളിൽ വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെക്കുറിച്ച് പറയുന്നുണ്ട്. യഹൂദന്മാരുടെ നിയമം അനുസരിച്ച് അവൾ കല്ലെറിഞ്ഞ് കൊല്ലപ്പെടേണ്ടവളായിരുന്നു. എന്നാൽ അവളെ കല്ലെറിയാനുള്ള യോഗ്യത അവിടെ കൂടിയിരുന്ന ആർക്കും തന്നെ ഉണ്ടായിരുന്നില്ലെന്നുള്ള പരമാർത്ഥം കർത്താവ് അവർക്ക് ഭംഗ്യന്തരേണ മനസ്സിലാക്കിക്കൊടുക്കുകയും ആസന്നമായ മരണത്തിൽ നിന്ന് അവൾ വിടുവിക്കപ്പെടുകയുമാണ് ഉണ്ടായത്. ആ സ്ത്രീയാണ് ലൂക്കൊ. 7:36-50 ൽ പറഞ്ഞിരിക്കുന്ന സ്ത്രീയെന്ന് ഒരഭിപ്രായമുണ്ട്. ''അധികം ഇളച്ചുകിട്ടിയവൻ അധികം സ്നേഹിക്കും" എന്നുള്ള പ്രസ്താവന മരണവക്ത്രത്തിൽ നിന്നുമുള്ള വിടുതലിനെ സൂചിപ്പിക്കുന്നു. എന്നിരിക്കിലും മേല്പറഞ്ഞ സാധ്യതയ്ക്ക് ഉപോൽബലകമായ തെളിവുകൾ തിരുവചനത്തിൽ ഇല്ലാത്തതിനാൽ അത് കേവലം അഭ്യൂഹമായി അവശേഷിക്കുന്നു.

മഗ്ദലക്കാരത്തി മറിയയെക്കുറിച്ച് പിന്നീട് പറഞ്ഞിരിക്കുന്നത് കർത്താവിന്റെ ക്രൂശീകരണത്തെക്കുറിച്ചുള്ള പരാമർശത്തിലാണ്. യേശുവിന്റെ അമ്മ മറിയ, മറിയയുടെ സഹോദരി (ശലോമ), ക്ലെയോപ്പാവിന്റെ ഭാര്യ മറിയ, മഗ്ദലക്കാരത്തി മറിയ എന്നീ സ്ത്രീകൾ ക്രൂശിന്നരികെ നിന്നിരുന്നതായി യോഹ. 19:25 ൽ നാം വായിക്കുന്നു. ഇതേ സ്ത്രീകളെക്കുറിച്ചായിരിക്കണം 'ഗലീലയിൽ നിന്ന് പോന്ന സ്ത്രീകൾ കല്ലറയും അവന്റെ ശരീരം വച്ച വിധവും കണ്ടിട്ട് മടങ്ങിപ്പോയി' എന്ന് ലൂക്കൊ. 23:55 ൽ പറഞ്ഞിരിക്കുന്നത്.

യേശുവിന്റെ മറ്റൊരു വാത്സല്യ ശിഷ്യയായിരുന്നു ബേഥാന്യയിലെ മറിയ. എന്നാൽ അവളെക്കുറിച്ചുള്ള എന്തെങ്കിലും സൂചന യോഹ. 12:3-7 വാക്യങ്ങളിലെ സംഭവത്തിനു ശേഷം കാണുന്നില്ല. ബേഥാന്യയിലെ മറിയയുടെ ഭവനവുമായി കർത്താവിനുണ്ടായിരുന്ന ഉദാത്തമായ ബന്ധം അനുസരിച്ചു നോക്കിയാൽ കർത്താവിന്റെ ക്രൂശിന്റെ അരികിൽ നിന്ന മറ്റു സ്ത്രീകളോടൊപ്പം ബേഥാന്യയിലെ മറിയയും തീർച്ചയായും ഉണ്ടായിരിക്കേണ്ടതായിരുന്നു. എന്നാൽ അപ്പോഴോ അതു കഴിഞ്ഞോ ബേഥാന്യയിലെ മറിയയെക്കുറിച്ച് യാതൊരു പരാമർശവുമില്ലെന്നുള്ളത് തികച്ചും ചിന്തനീയമാണ്. ഒരുപക്ഷേ ഇക്കാരണം കൊണ്ടായിരിക്കാം ബേഥാന്യയിലെ മറിയയും മഗ്ദലക്കാരത്തി മറിയയും ഒരേ ആൾതന്നെയാണെന്ന് ചിലർ സന്ദേഹിക്കുന്നത്. ബേഥാന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ വച്ചുനടന്നതായി മത്തായി 26:6-13 വാക്യങ്ങളിൽ പറയുന്ന അത്താഴവിരുന്നും ബേഥാന്യയിൽ നടന്നതായി യോഹ. 12:2-8 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന അത്താഴവിരുന്നും ഒന്നുതന്നെയാണ് എന്ന് ചിലർ സമർത്ഥിക്കുന്നുണ്ട്. മേല്പറഞ്ഞ അത്താഴവിരുന്നുകൾ പെസഹയ്ക്ക് ചുരുക്കം ചില ദിവസങ്ങൾക്ക് മുമ്പായി ബേഥാന്യയിൽ വച്ചാണ് നടന്നത് എന്നതു

കൂടാതെ രണ്ടിടത്തും ദരിദ്രരെക്കുറിച്ചും കർത്താവിന്റെ ശവസംസ്ക്കാരത്തെക്കുറിച്ചുമുള്ള പരാമർശങ്ങൾ ഉണ്ട് എന്നുള്ളതും ശ്രദ്ധേയമാണ്.

യേശുവിന്റെ മറ്റ് അനുയായികളിൽ നിന്നും മഗ്ദലക്കാരത്തി മറിയയെ വ്യത്യസ്തയാക്കുന്ന ചില കാര്യങ്ങൾക്കൂടി ചിന്തിക്കാം. "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ" മഗ്ദലക്കാരത്തി മറിയ കല്ലറയ്ക്കൽ ചെന്നതായി യോഹ. 20:1 ൽ കാണുന്നു. കല്ലറവാതില്ക്കലെ കല്ല് നീങ്ങിയിരിക്കുന്നതായി കണ്ട് അവൾ "ഓടി"ച്ചെന്ന് ശിഷ്യന്മാരെ വിവരം അറിയിക്കുന്നു. ശിഷ്യന്മാരോടൊപ്പം കല്ലറയ്ക്കലേക്കു മടങ്ങിവന്ന് യേശുവിന്റെ ശരീരം കല്ലറയിലില്ലെന്നു സ്ഥിരീകരിച്ചശേഷം ശിഷ്യന്മാർ മടങ്ങിപ്പോയെങ്കിലും മറിയ കല്ലറയ്ക്കൽ കരഞ്ഞുകൊണ്ട് നില്ക്കുകയാണ് ഉണ്ടായത്. ഉയിർത്തെഴുന്നേറ്റ കർത്താവ് ആദ്യമായി പ്രത്യക്ഷപ്പെടുന്നത് മഗ്ദലക്കാരത്തി മറിയയ്ക്കാണ്. കർത്താവിനെ കണ്ട് തോട്ടക്കാരനെന്നു തെറ്റിദ്ധരിച്ച് 'എവിടെയാണ് യേശുവിന്റെ ശരീരമെന്നു കാണിച്ചുതന്നാൽ താൻ അത് എടുത്തുകൊണ്ടു പൊയ്ക്കൊള്ളാ' മെന്നാണ് അവൾ പറഞ്ഞത്. കർത്താവ് തന്നെത്താൻ അവൾക്കു വെളിപ്പെടുത്തിയപ്പോൾ കർത്താവിന്റെ തൃപ്പാദങ്ങളിൽ വീണ് തന്റെ ഉള്ളിലെ വികാരവിചാരങ്ങൾ അശ്രുകണങ്ങളായി ആ പാദാരവിന്ദങ്ങളിൽ ചൊരിയുവാനായിരിക്കും അവൾ ഒരുമ്പെട്ടത്. രൂപാന്തരപ്പെട്ട ശരീരത്തോടുകൂടിയ കർത്താവിനെ താൻ നേരിട്ടു കണ്ടെന്നുള്ള സദ്വർത്തമാനം ശിഷ്യന്മാരെ അറിയിക്കാനുള്ള സുപ്രധാന ദൗത്യം കർത്താവ് അവളെയാണ് ഭരമേല്പിച്ചത്. മഗ്ദലക്കാരത്തി മറിയയുടെ ഭൂതകാലചരിത്രം എന്തുതന്നെയാകട്ടെ, ലോകചരിത്രത്തിലെ ആദ്യത്തെ "സുവിശേഷക"യാകാനുള്ള ഭാഗ്യം അവൾക്കാണുണ്ടായത്. പ്രസ്തുത ദൗത്യനിർവ്വഹണത്തിനുശേഷം അവളെക്കുറിച്ചുള്ള പരാമർശങ്ങൾ ഒന്നും തന്നെ നാം വായിക്കുന്നില്ലെങ്കിലും വേദപുസ്തകത്തിൽ ഉടനീളം പേരെടുത്തു പറഞ്ഞിട്ടുള്ള അനേകം വനിതകളുടെ കൂട്ടത്തിൽ മഗ്ദലക്കാരത്തി മറിയയ്ക്കുള്ള നിസ്തുല്യമായ സ്ഥാനം നിഷേധിക്കാൻ സാധിക്കയില്ലെന്നു നിസ്സംശയം പറയാം. ❑

---

*14-ാം പേജിൽ നിന്നും തുടർച്ച (നല്ല വാക്ക്)*

നീയമായ കാഴ്ചയാണ്. ബേത്ത്ലഹേമിലേക്കു മടങ്ങിയെത്തിയവരുടെ തുടർന്നുള്ള ജീവിതം നമുക്കു മാതൃകയാണ്. മാതാവിന്റെ വാക്ക് അനുസരിച്ച് പ്രവർത്തിച്ച രൂത്ത്, അവർക്കുള്ള ഉപജീവനമാർഗ്ഗം കണ്ടെത്തുകയും തൽഫലമായി അതിലൂടെ അവൾക്ക് മനോഹരമായ കുടുംബജീവിതവും ഭാവിനന്മകളും അനുഗ്രഹങ്ങളും സാദ്ധ്യമായി തീരുകയും ചെയ്യുന്നു. അതിലുപരിയായി ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ വംശാവലിയിൽ, 'ബോവസ് രൂത്തിൽ ഓബേദിനെ ജനിപ്പിച്ചു എന്നു കാണുന്നു. (മത്താ. 1:5) അപ്പോൾ ബേത്ലഹേമിലെ സ്ത്രീകൾ രൂത്തിനെപ്പറ്റി നവൊമിയോടു പറയുന്നത് ശ്രദ്ധേയമാണ്. "ഏഴ് പുത്രന്മാരെക്കാൾ നിനക്കു ഉത്തമയുമായിരിക്കുന്ന നിന്റെ മരുമകൾ" എന്നാണ് (രൂത്ത് 4:15) ഹാ! എത്ര മഹത്ത്വകരമായ അനുഭവമാണ് തീരുമാനത്തിന്റെ (സമർപ്പണത്തിന്റെ) തായ "ഒരു നല്ല വാക്കി"ലൂടെ ഇവർക്കു ലഭ്യമായത് (രൂത്ത് 1:16,17).

ഇന്ന് അമ്മാവിയമ്മയും മരുമക്കളും തമ്മിൽ പൊരുത്തമില്ലായ്മയുടെയും, പകപോക്കലിന്റെയും, കുറ്റപ്പെടുത്തലിന്റെയും കേളീരംഗമായി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ദൈവമക്കളായ സഹോദരിമാരായ നമുക്ക് മനോവ്യസനം നിമിത്തം മനസ്സിടിഞ്ഞതായ വ്യക്തികളെ സന്തോഷിപ്പിക്കുവാൻ രൂത്തിനെപ്പോലെ ഒരു "നല്ല വാക്കു" പറയുവാൻ ദൈവം കൃപ നല്കുമാറാകട്ടെ. അതിനായി. (യെശ. 50:4, സദൃ16:24, സദൃ 12:14) ഈ വചനങ്ങൾ സഹായകമാകട്ടെ.

❑

# കാലം തികഞ്ഞു. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മനം തിരിയുവിൻ



യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

തിരുവചനാടിസ്ഥാനത്തിൽ ഇത് കൃപായുഗമാണ് അഥവാ പരിശുദ്ധാത്മയുഗമാണ്. അതിന്റെ സമാപനം അടുത്തിരിക്കുന്നു. ഇരുപതു നൂറ്റാണ്ടുകൾക്കുമുമ്പ് യോഹന്നാൻ സ്നാപകനും ലോകരക്ഷിതാവായ യേശുക്രിസ്തുവും പ്രസംഗിച്ചത് എക്കാലത്തും ആവശ്യമായ സന്ദേശം. അന്ത്യകാലത്തിന്റെ വ്യക്തമായ ലക്ഷണം അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിനെഴുതിയ ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. നൂറു ശതമാനം അവിടെപ്പറഞ്ഞിരിക്കുന്നത് നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരുമെന്നറിക. അകാലത്തിൽ മഴ പെരുകി വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാകുന്നു. പ്രപഞ്ചമാകെ പടർന്നു പിടിച്ചിരിക്കുന്ന കൊറോണ എന്ന സാംക്രമിക രോഗംമൂലം ലക്ഷങ്ങൾ കാലയവനികയിൽപോയ വർഷം. ഇപ്പോഴും അതിന് അറുതി വന്നിട്ടില്ല. അതുമുഖാന്തരം തൊഴിൽ നഷ്ടം. മനുഷ്യന് അനുവദിച്ചിരുന്ന സ്വാതന്ത്ര്യത്തിന് ഭംഗം. ദൈവാലയങ്ങളിലെ ശുശ്രൂഷകൾ മാസങ്ങളായി നടക്കുന്നില്ല. ഈ എഴുത്തുകാരൻ വീടിന് പുറത്തിറങ്ങിയിട്ട് എട്ടുമാസമായി. ദൈനംദിന ജീവിതത്തിലെ മാറ്റം മറിച്ചിലുകൾ സഹിക്കാവതല്ലാതായിരിക്കുന്നു. പാപം അതിന്റെ മൂർദ്ധന്യതയിൽ എത്തിയിരിക്കുന്നു.

**സ്വസ്നേഹികൾ:** തങ്ങളെ മാത്രം സ്നേഹിക്കുന്നവർ. അത് തികഞ്ഞ സ്വാർത്ഥതയാണ്. സ്വന്തം കാര്യം സിന്ദാബാദ്. പാപത്തിന്റെ ശക്തമായ പ്രതിഫലനം. ഇതിനായി മനുഷ്യർ മറ്റുള്ളവരെ സമൂലം അവഗണിക്കുന്നു. നിരാകരിക്കുന്നു. ദുഷിക്കുന്നു ചതിക്കുന്നു കലഹം ഉണ്ടാക്കുന്നു കൊല്ലുന്നു. ഭാര്യ ഭർത്താവിന് കെണി വെയ്ക്കുന്നു ഭർത്താവ് ഭാര്യയെ കൊല്ലുന്നു ഇത് എന്റെ ഭാവനയല്ല. ദിനപ്പത്രങ്ങൾ നിവർത്തുക. ഈവക ദുരന്തങ്ങൾ മാത്രമാണ് പത്രവാർത്തയിൽ കൂടുതലും. വാളയാർ സംഭവത്തിലെ മരണപ്പെട്ട കുട്ടിയെ പീഡിപ്പിച്ചവരിൽ ഒരു പ്രതി വീട്ടിൽ തൂങ്ങിമരിച്ചു എന്ന് പത്രത്തിൽ വായിച്ചു. അപ്പന്മാർ മക്കളെ പീഡിപ്പിച്ച് കൊല്ലുന്നു. പിതൃസ്നേഹവും മാതൃസ്നേഹവും കിട്ടാക്കനിയായിരിക്കുന്നു.

**ദ്രവ്യാഗ്രഹികൾ :** തിരുവചനം എന്ത് പറഞ്ഞിരിക്കുന്നു ദ്രവ്യാഗ്രഹം സകലവിധദോഷത്തിനും കാരണമാണ്. ദ്രവ്യം ആവശ്യത്തിന് വേണം. എന്നാൽ ദ്രവ്യം സമ്പാദിച്ചുവെയ്ക്കുന്നതിൽ അതിനു ഏതു വളഞ്ഞവഴിയും ഉപയോഗിക്കുന്നത് നമ്മുടെ കൺമുമ്പിൽ കാണുന്നതാണിത്. ദ്രവ്യാഗ്രഹി തനിക്കു തന്നെ കുഴികുഴിക്കുകയാണ്.

**മാതാപിതാക്കളെ അനുസരിക്കാത്തവർ:**

മാതാപിതാ ദൈവം ഗുരു എന്നിവരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യണമെന്ന് ബാല്യം മുതൽ പഠിപ്പിക്കുന്നതാണ്. ഒന്നാമത്തെ മനുഷ്യനായ ആദാം ഹവ്വമാർ ദൈവം പറഞ്ഞത് അനുസരിച്ചില്ല. അനുസരണക്കേട് എന്ന പാപം ചെയ്തപ്പോൾ ദൈവതേജസ്സ് അവരിൽ നിന്നും നഷ്ടമായി അവർ ഇരുവരും നഗ്നരെന്നറിഞ്ഞു. ദൈവത്തെയും മാതാപിതാക്കന്മാരെയും അനുസരിക്കാത്ത ഒരു തലമുറയാണ് ലോകത്തിൽ പരന്നിരിക്കുന്നത്. അനുസരണക്കേടിന്റെ അനന്തരമാണ് ജ്യേഷ്ടൻ അനുജനെ കൊന്നു പാപം ചെയ്തത്. കൊലപാതകത്തിന്റെ വർദ്ധന ഇത് അന്ത്യകാലമെന്നതിന് സ്ഫടിക സ്ഫുടമാണ്.

അതിക്രമത്താലും പാപത്തിലും മരിച്ച മനുഷ്യരുടെ ഇടയിൽ ഉറങ്ങുന്ന വിശ്വാസികളാണ് ഇന്ന് കാണപ്പെടുന്ന ഒരു പ്രതിഭാസമാണിത്. മരിച്ചവരുടെ ഇടയിൽ നിദ്രകൊള്ളുന്നവരേ, ഉണരുവിൻ. ഒരു ഉണർവ്വിന്റെ കാലഘട്ടം ആവശ്യമാണ്. സാംക്രമിക രോഗങ്ങളും പ്രകൃതിദുരന്തങ്ങളും നമ്മെ ഉണർത്തുവാനായി ദൈവം അനുവദിച്ച പരീക്ഷണമാണ്. കാലത്തെ വിവേചിച്ച് ജീവിപ്പാൻ ദൈവം കൃപ ചെയ്യട്ടെ. ❑

# ആർക്കും വേണ്ടാത്തവർ

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



എന്റെ ഓഫീസ് കെ. കെ. റോഡരുകിൽ ജില്ലാ ആശുപത്രിയിൽനിന്നും വളരെ അകലത്തിലല്ല. രാവിലെ 9 മണിക്കു ഓഫീസിൽ എത്തിയാൽ ജനാലചില്ലുകളിൽക്കൂടി നോക്കിയിരിക്കുന്നത് വളരെ ചിന്തോദ്ദീപകമാണ്. കോളജ് സമയമായതിനാൽ ബസുകളെല്ലാം നിർത്തി കോളജ് കുമാരന്മാരും കുമാരിമാരും ഇറങ്ങിപ്പോകുന്നതു കാണാം. വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നവരുടെ തിരക്ക് മറ്റൊന്ന്. ബിസിനസ് സ്ഥാപനങ്ങളെല്ലാം തുറക്കുന്നതും ഏതാണ്ട് ഈ സമയത്തായതിനാൽ തിരക്ക് വളരെയാണ്. വാഹനങ്ങളിൽനിന്നും തിരക്കൊഴിക്കുവാൻ നല്ലൊരു മാർഗ്ഗമാണ് വ്യത്യസ്തങ്ങളായ പ്രവർത്തന സമയങ്ങൾ കോളജ്, സ്കൂളുകൾ, ഓഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് നല്കുക എന്നത്. പൊതുജനക്ഷേമപ്രവർത്തനങ്ങളിൽ ഇടപെടുവാൻ ആർക്കാണ് സമയം? ആർക്കാണ് താൽപര്യം? ആർക്കാണ് ആവശ്യം?

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

അതാ കൊണ്ടുവരുന്നു നാലഞ്ചു ചെറുപ്പക്കാരെ കാക്കിധാരികളായ ചില ഉദ്യോഗസ്ഥന്മാർ. യുവാക്കന്മാരെ രണ്ടുപേരെ വീതം കൈകൾ ചേർത്ത് പൂട്ടിയിട്ടുണ്ട്. ഓടിപ്പോകുവിൻ നിവൃത്തിയില്ലെന്നു മാത്രമല്ല വേഗത്തിൽ നടക്കുവാനും കഴിയുകയില്ല. രണ്ടുപേരുടെ കൈകളിൽ കുപ്പികളുണ്ട്. സബ്ജയിലിൽ നിന്നു ജില്ലാ ആശുപത്രിയിൽ വൈദ്യപരിശോധനയ്ക്കായി കൊണ്ടുപോകുകയാണ്. രണ്ടു ദിവസം മുമ്പ് കോട്ടയം ജയിലിൽ ചെന്നപ്പോൾ ഞാൻ കണ്ട് പരിചയപ്പെട്ടവരാണ് അവർ. അതിൽ 21 വയസ്സുകാരനായ അന്ത്രയോസ് ഇടയ്ക്ക് തിരിഞ്ഞ് പ്രിസൺ ഫെലോഷിപ്പ് ബോർഡ് നോക്കുന്നുണ്ട്, വായിക്കുന്നുണ്ട്. അവന്റെ കേസ് കള്ളനോട്ട് കേസാണ്. പോലീസ് വകുപ്പിന് സംശയമുണ്ട് (110) അന്ത്രയോസിനെ. പല പ്രാവശ്യം ജയിലിൽ പോകേണ്ടിവന്നിട്ടുള്ള അന്ത്രയോസ് ഒരു നല്ല റെഫ്രിജറേഷൻ മെക്കാനിക്കാണ്. ജീവിതത്തിന്റെ വളഞ്ഞ വഴികളെവിട്ട് തിരിഞ്ഞുവരുമെങ്കിൽ ഒരു നല്ല സ്ഥാനത്ത് അന്ത്രയോസിനെത്തുവാൻ വൈഷമ്യമില്ല. എത്തിക്കുവാനും എളുപ്പമാണ്. എയർകണ്ടീഷനറോ റെഫ്രിജറേറ്ററോ കേടുവന്നാൽ നന്നാക്കാൻ അന്ത്രയോസ് പോകും. നന്നാക്കിക്കൊടുക്കും. പക്ഷേ അത് ആ വീട്ടിൽ മോഷ്ടിക്കുവാൻ കയറുവാനുള്ള ഒരു പാസ്പോർട്ടായിട്ടാണ് ഇരിക്കുന്നതെന്ന് ചില ഉദ്യോഗസ്ഥന്മാർ പറയുന്നുണ്ട്. ഇതുവരെ അവനെ ശിക്ഷിച്ചിട്ടില്ലാത്തതിനാൽ ആർക്കും സത്യാവസ്ഥ അറിഞ്ഞുകൂടാ. അന്ത്രയോസിന് ഒരു ബൈബിൾ വേണമെന്നു പറഞ്ഞത് പിറ്റേ ദിവസം തന്നെ ഞാൻ എത്തിച്ചുകൊടുത്തു. രാവിലത്തെ തപാൽ കിട്ടിയതെല്ലാം ഞാൻ നോക്കിക്കഴിഞ്ഞപ്പോൾ സമയം 11 മണിയായി. ഒരു ജാഥ മുദ്രാവാക്യം വിളിച്ചുവരുന്നുണ്ട്. കൊടികൾ പലതും ഉണ്ടായിരുന്നതിനാൽ ആരുടേതെന്നു തീരുമാനിക്കുവാൻ വിഷമമുണ്ട്. സ്ത്രീകളും പുരുഷന്മാരും ഉച്ചവെയിലിൽ ആകാശത്തേക്ക് കുത്തിക്കൊണ്ട് പലതും വാഗ്ദാനം ചെയ്യുന്നുണ്ട്. സ്വർഗ്ഗം ഇവിടെ രൊക്കമായി തരാമെന്നാണ് വിളിയുടെ സാരം. കേരളം ഇത് പിറവി മുതലേ കേൾക്കുന്നതാണ്. പക്ഷേ തൊഴിലില്ലായ്മയും പട്ടിണിയും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതേയുള്ളൂ. ആകാ

ശത്തിൽ കുത്തുന്നതു നിർത്തി ഭൂമിയിൽ അദ്ധ്വാനിച്ചിരുന്നുവെങ്കിൽ പട്ടണി മാറും എന്ന് ആരും ആശിച്ചുപോകും.

ആശുപത്രിയിലേക്ക് കൊണ്ടുപോയ ചെറുപ്പക്കാരുടെ പുറകെ ഞാനും നടക്കുവാൻ തുടങ്ങി. കടകളിൽ നിന്നും ഓരോരുത്തർ ഓരോന്നു പറയുന്നു. "ഇവനെയൊക്കെ തൂക്കിക്കൊല്ലണം" (അല്പം കട്ടിയല്ലേ), "കണ്ടില്ലേ നാണമില്ലാതെ ചിരിച്ചോണ്ട് നടക്കുന്നത്" (അപ്പോ അവന് ചിരിക്കാനവകാശമില്ലേ), "പുറത്തിന് വീതിയുണ്ടല്ലോ നല്ല ഇടിയുടെ കുറവാണ്" (അവന്റെ ശരീരം വേദനിക്കില്ലായിരിക്കും), "അവനെ കണ്ടില്ലേ എഴുന്നേറ്റു നടക്കുവാൻ ജീവനില്ലാത്തവനാ മോഷ്ടിക്കാൻ പോകുന്നത്" (തടിച്ചാലും കുറ്റം മെലിഞ്ഞാലും കുറ്റം), "ഇവനെയൊക്കെ ജയിലിലാക്കി പട്ടിണിക്കിടണം. വെള്ളംപോലും കുടിക്കാൻ കൊടുക്കരുത്" (വിശപ്പും ദാഹവും നീയറിഞ്ഞിട്ടുണ്ടോ മുതലാളിക്കുഞ്ഞേ), "ഇവനെയൊക്കെ മരുന്ന് കൊടുത്ത് ചികിത്സിക്കുന്നതിന്റെ കുഴപ്പമാ" (അവന്റെ ശരീരം ആൾ പ്രൂഫല്ലേ), "ഇവനെ ഒന്നിനെ വയ്ക്കാതെ നാടുകടത്തണം" (അവിടെയും നിങ്ങളെപ്പോലുള്ളവരാണെങ്കിലോ), "കല്ലെടുത്ത് എറിഞ്ഞുകൊല്ലണം" (യേശുവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ നിങ്ങളിൽ കുറ്റം ചെയ്യാത്തവൻ ആദ്യം എറിയട്ടെ എന്ന് പറയുമായിരുന്നു).

കമന്റ് പാസ്സാക്കിയവർ കച്ചവടക്കാരാണ് പലരും. ചിലർ ഉദ്യോഗസ്ഥന്മാരും. കള്ളക്കണക്ക് എഴുതി സർക്കാർ ഖജനാവ് കാലിയാക്കുന്നവർ. പൂഴ്ത്തിവയ്പുകാർ, കൈക്കൂലി വാങ്ങുന്നവർ, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നവർ, മരുന്നിലും ഭക്ഷണത്തിലും മായം ചേർക്കുന്നവർ, കള്ളനോട്ടടിക്കും വിതരണത്തിലും പങ്കുള്ളവർ, ആളും അർത്ഥവുംകൊണ്ട് ഉണ്ടാക്കിയ സ്വാധീനതയുടെ മറവിൽ സമൂഹത്തിൽ മാന്യമായി കഴിയുന്ന വി. ഐ. പി. കളാണിവർ (ദൈവം അവരോട് ക്ഷമിക്കട്ടെ).

അന്ത്രയോസിന്റെ കേസ് 5 ദിവസത്തിനകം അവധിക്കുവച്ചിരുന്നു. അന്ന് തെളിവില്ലാതെ വിടുകയും ചെയ്തു. എന്റെ വായനക്കാരെക്കൂടി അന്ത്രയോസിനോടുകൂടെ ചിലടത്തേക്കു കൊണ്ടുപോകുവാൻ ഞാനാഗ്രഹിക്കുന്നു. ആദ്യമായി സ്ഥലത്തെ ഒരു മില്ലുടമയുടെ വീട്ടിൽ ഞങ്ങൾ എത്തി. അദ്ദേഹം പട്ടണത്തിലെ ഒരു വി.ഐ.പി.യും ക്ലബ്ബുകളിലെ അംഗവും പണച്ചാക്കും ആണ്. പക്ഷേ അന്ത്രയോസിനെക്കൂടി ഉൾക്കൊള്ളുവാൻ തനിക്കു കഴിയുന്നില്ല. "ഇവനെ എങ്ങനെ വിശ്വസിക്കും" എന്തെങ്കിലും പണി ചെയ്യുമെന്ന് പറഞ്ഞിട്ടും ഒന്നും കിട്ടിയില്ല. ഒന്നാമത്തെ വാതിൽ അടഞ്ഞു. തോട്ടം ഉടമ കറിയാക്കുട്ടിയെ പിന്നീട് കണ്ടു. "ഇവൻ എന്റെ മറ്റുള്ള തൊഴിലാളികളെക്കൂടി നശിപ്പിക്കും. ചീത്തയാക്കും. നിങ്ങൾ വേറേ വല്ല വഴിയും കാണുകാ നല്ലത്." രണ്ടാം വാതിലും പൂട്ടി. സ്ഥലത്തെ പ്രധാന പത്രമോഫിസിലോട്ടായിരുന്നു അടുത്ത ലക്ഷ്യം. മാനേജർ വ്യാവസായികമായ ഒരു ചിരിയൊക്കെ വരുത്തി ഞങ്ങളെ സ്വീകരിച്ചു. "സഹായിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, വേക്കൻസി ഒന്നുമില്ലല്ലോ. അടുത്ത വേക്കൻസി വന്നാൽ അറിയിക്കാം. കേട്ടോ." ആ വാതിലും കൊട്ടിയടച്ചു. നമുക്കൊരു പലചരക്കു കടയിലേക്ക് പോകാം. ചെന്നുകയറിയ ഉടനെ ഇങ്ങോട്ട് "എന്നാ ഇവനുമായിട്ട്, വല്ല തൊണ്ടിയും എടുക്കാനാണോ? പിന്നെ വാ ഇപ്പം അല്പം ധൃതിയാ" പള്ളിയുടെ പാരീഷ് ഹാളിന്റെ പണി നടക്കുകയാണ്. അച്ചനെ ചെന്നുകണ്ടാൽ കൂലിവേലയെങ്കിലും തരും എന്ന പ്രതീക്ഷയോടെ ചെന്നു. പക്ഷേ പുരോഹിതനും വേറെ വഴിയായി കടന്നുപോയി.

അന്ത്രയോസ് എന്ന ചെറുപ്പക്കാരൻ വിശപ്പുള്ളവനാണ്. വസ്ത്രം ആവശ്യമുള്ളവനാണ്. വിശന്നു മരിക്കുവാൻ അവൻ ഭയപ്പെടുന്നു. ഭിക്ഷയാചിക്കുവാൻ ലജ്ജിക്കുന്നു. ആരാണവനെ ഒന്നു കരുതുന്നത്? ഒരു ക്രിമിനൽ, സമൂഹത്തിന്റെ ബലഹീനതയുടെ ലക്ഷണമാണ്. നാണക്കേടിന്റെ കല്ലുകൾകൊണ്ടാണ് ജയിലിന്റെ ഭിത്തികൾ പണിതിരിക്കുന്നത്.

*ശേഷം 28-ാം പേജിൽ*

# RAISING LITTLE WARRIORS FOR GOD



**Dr. Helen Abraham, Chennai**

Someone once said, "Before I married, I had three theories about raising children, now I have three children and no theories." When it comes to raising children, there are various concepts, techniques and schools of thought available. Among these, there is a great 'generation gap' that separates old and new parenting techniques. The older school of thought involved the parent being strict, authoritative and disciplining, not leaving much room for the child to communicate. Almost all the communication from the parents' side was mostly in the form of commands or orders. Our great grandfathers and mothers may have been familiar with this system. I remember my grandmother telling me that during her childhood, the children were afraid to even speak in front of elders and father figures. As time passed, this slowly started changing, probably due to the influence of foreign cultures which promoted more liberality towards children, permissive approach and the 'no rod' culture. This has brought about a tremendous 'sense of power' in children and has tipped the scales of balance of family more towards the children. Although there is no one-stop solution in raising children, the Bible clearly portrays the hierarchy of family and good instructions on bringing up a child in the fear and nurture of the Lord.

Psalm 127: 3-5 says 'Children are a heritage from the Lord, offspring a reward from Him. Like arrows in the hands of a warrior are children born in one's youth. Blessed is the man whose quiver is full of them.' The word 'heritage' means a special possession or an allotted portion. We also see that they are God-given. (Gen 33:5, Gen 48:9) We must understand that they are given to us for a period of time, to nurture, care for and train, to ultimately fulfill the Lord's purpose and not our own selfish needs.

Parenting requires not only 'training' our children to do right, but training and correcting ourselves to be the best parent, fulfilling our God-given responsibility. Below we will see some of the biblical duties and guidelines on raising children.

1. Actions speak louder than words /Parents should be a role model to children

   God is always watching us. But you know who else is? Our children! Children do not learn by 'listening' to us but rather by 'observing or watching' us. In Titus 2 :2-8, we read the ideal behavior we ought to display as aged men and women and young men and women. The aged women are asked to 'teach' the young women to love their family by setting an example for them. This can be followed in the home setting as well. We often forget that the behavior we display is often what children will learn by watching us. We can set an example in the following ways:

a. Individual Bible reading and prayer every day - If they see you do this, it may be more effective than reprimanding them now and then to do so.

b. Controlling our anger – We feel the necessity to react and respond immediately when anger is at its boiling point and may end up sinning. In your anger do not sin. Do not let the sun go down while you are still angry (Eph 4:26). First, give some time to calm down before reacting. It's surprising how the issue will seem surprisingly smaller than when we were angry.

c. Controlling our speech – The Bible says that *'sound speech'* is a pattern of good works *(Titus 2:8). Let no corrupting talk come out of your mouths, but only such as is good for building up, as fits the occasion, that it may give grace to those who hear.* (*Ephesians 4:29*). Let us ask ourselves whether our talk with our kids 'build ' them or 'break' them.

2. Coach before reproach / Parents should teach children God's word and about salvation.

Home is the first place of learning. Haven't we all taught our little ones their first ABC's well before sending them to school? Although they may be attending Sunday School, VBS and Bible study camps, as parents, we have a responsibility to lead our children to the path of salvation and teach them biblical truths. What does the Bible say about this? Deuteronomy 6 :5-9 says, *" You shall love the Lord your God with all your heart, with all your soul, and with all your strength. And these words which I command you today shall be in your heart. You shall teach them diligently to your children, and shall talk of them when you sit in your house, when you walk by the way, when you lie down, and when you rise up. You shall bind them as a sign on your hand, and they shall be as frontlets between your eyes. You shall write them on the doorposts of your house and on your gates."* These verses tell us to teach our children about the Lord when we sit, walk, lie down and rise up or in other words, all the time! What a great responsibility we have! We cannot make light of it and think that they will learn all they have to from the assembly meetings. They should be encouraged to ask and discuss their doubts about God's word with us.

Fathers have the responsibility to exhort, comfort and charge the children (1 Thessalonians 2:11-12).

Exhort – deny ungodliness, worldly lust instead live righteous, godly lives.

Encourage – forgive and console when they fail, be with them through ups and downs, as we see with the prodigal son and his father.

Charge - instill sense of duty toward God and man, in the training and admonition of the Lord, by discipline and correction guided by the principles of God's word.

3. Know the way, go the way and show the way / Parents should be the leaders, decision makers.

A modern trend of parenting called permissive or indulgent parenting is one in which parents ask their children's opinions on major decisions, emphasize on their freedom

rather than responsibility, do not discipline, use bribery such as toys, gifts, and food as a means to get a child to behave and present themselves more as a friend, rather than a parent. This method of parenting is wrong and not based on biblical values. The Biblical order of the family has Christ as the supreme head of the family, followed by the husband as the head of the family who provides, protects and leads the family, followed by the wife who comforts, teaches and nurtures and lastly the children who are to love and obey their parents. This order has been given by God and should not be disrupted by giving the children undue privilege and power.

Children should be trained to submit to parental authority and accept their decisions. The Bible commands children to honor and obey parents, for this is right, well-pleasing to the Lord and will prolong their life! (Exodus 20:12, Ephesians 6:1, Colossians 3:2). It is the first commandment with a promise. On the flip side, we read "The eye that mocks a father, and scorns a mother, the ravens of the valley will pick it out, and the young eagles will eat it "(Proverbs 30:17). This verse highlights the serious consequences of dishonoring parents and it is not to be taken lightly.

4. Don't spare the rod and spoil the child / Parents should discipline their children.

This is a part of parenting which has been stressed a lot in the scriptures. It is indeed a very important part of parenting which requires maintaining a fine balance without being either overbearing or indulgent. The scripture says in *Proverbs 23:13-14 "Do not withhold correction from a child, for if you beat him with a rod, he will not die. You shall beat him with a rod, and deliver his soul from hell."* This verse contradicts many modern parenting techniques and even governments where physically disciplining your child is against the law. We read in *Hebrews 12:11 "Now no chastening seems to be joyful for the present, but painful; nevertheless, afterward it yields the peaceable fruit of righteousness to those who have been trained by it."*

Discipline in general, is divided into punitive and non-punitive types, where punitive means discipline with punishments such as physical, time-outs, grounding etc. and non-punitive is discipline without any punishment, shaming or scolding whatsoever.

Some points to remember while disciplining our children are:

a. Discipline not in anger

b. Discipline should be equal to the sin

c. Discipline should be consistent

d. Discipline should create intimacy instead of distance

e. Discipline should include explanation of the child's wrong, the punishment and how to correct it (with spiritual emphasis)

Developing routines and setting boundaries help children to stay focused, disciplined and know what to expect and what to do during the course of the day. This makes it easier for parents too, avoiding the need to talk them into doing their daily activities each and every day and eliminates power struggles. Time charts can be useful in accomplishing routines.

It is a good idea to observe them during the day and keep apart a time to talk to them about their wrongs and misbehavior combined, at a time, rather than shouting or scolding them throughout the day. Children need to be

appreciated to feel loved, so it is important that there is a good balance between our positive and negative feedback. A good ratio could be 10 commendations: 1 condemnation. A child may be doing many things worthy of appreciation but when we choose to voice out only the condemnation, they may feel that no matter what we do, they can never satisfy us.

It is often observed that the time spent between husband and wife wears out after the initial few years into marriage due to the pressure of time-consuming activities that child-care demands. Also, their views in raising children may be opinionated and sometimes drift away from biblical principles. Parents should settle their difference of opinions and work as a team for disciplining children. Marriage should take the front seat. The children will then learn to honor, respect and obey their parents. After all, as Jesus said, a house divided against itself cannot stand.

5. Make effort to resolve, not provoke/ Parents should not provoke children to anger

   *Fathers, do not provoke your children to anger, but bring them up in the discipline and instruction of the Lord. (Ephesians 6:4)* Constantly provoking children will result in them harboring feelings of bitterness and anger towards parents. In what ways do we provoke them?

a. Constantly criticizing and never encouraging

b. Keeping double standards and expecting them to do things that we don't do, e.g., ask forgiveness, humble themselves, etc.

c. Showing anger but not affection

d. Not giving spiritual explanation on why they are punished

e. Comparing them to other children at school, church or family

f. Mocking/ punishing them in front of others

g. Neglecting, belittling and showing favoritism to siblings

h. Abusing or improper discipline

In the dictionary of children, love is spelled T.I.M.E. As parents, it is very important to be engaged with our children, and show interest in their activities to develop a bond. Set apart a time every day, spent in conversing, about their day at school or taking part in enjoyable activities together. This will make them comfortable to discuss problems or issues they face and seek parental guidance.

6. Raise adults, not children/ Parents should teach children to be responsible and dependent on God

A truth which all parents should be mindful of is that, we are raising children to be adults and not children. We ultimately want our kids to blossom into fine men and women for Christ. Teaching them to be responsible is our duty. I came across a term called 'bulldozer parenting' and was quite amused by it. Apparently, this is the term used to describe parents who do everything for their children and 'bulldoze' any obstacle that comes their way, as they do not want their children to face any difficulty or pressure. In the life of a baby who is learning to walk, falling is inevitable. This has to happen until those wobbly legs are trained to walk steadily. But yes of course, we must watch out for any

dangers in their path. In the same way, we cannot always protect our children from wrong-doing and sin, although we can guide and advise them to do right. The consequences of their actions and the guilty consciousness after having committed sin, sometimes become instrumental in realizing their true sinful estate, leading them to salvation through Christ.

In the worldly view, an adult is expected to be independent, self-reliant and self-sufficient. Contrarily, the Bible teaches us to depend not on ourselves but on the Lord. In making decisions or choices, we are asked to depend on God and not on our own understanding, as we read in Proverbs 3:5-6, *"Trust in the Lord with all your heart, and do not lean on your own understanding. In all your ways acknowledge Him, and He will make your paths straight."* The word of God does not teach us to be self-sufficient, but rather, reminds us not to worry or be anxious about what to wear or what we'll eat but to "seek first His kingdom and His righteousness, and all these things will be added to you." (Mathew 6). Not independently confident, but to put our confidence in God who enables us to do all things *through Christ* who strengthens us (Philippians 4:13). So, we should teach our children to be dependent on the Lord in all their ways.

May the Lord enable us to train our children and raise warriors for His kingdom, in the fear and nurture of the Lord and also bless all parental effort by giving us the greatest joy, to hear that our children are walking in the truth. ❑

---

***23-ാം പേജിൽ നിന്നും തുടർച്ച (ആർക്കും വേണ്ടാത്തവർ)***

പോലീസ് സ്റ്റേഷനുകൾ നമുക്കലങ്കാരമല്ല. നാം പുരോഗമിച്ചില്ല എന്നതിന്റെ അടയാളമാണ്. ജയിലുകൾ തടവറകളല്ല, മാനസികരോഗികൾക്കായുള്ള ആശുപത്രികളാണെന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്. ദൈവത്തിലാശ്രയിച്ചു ജീവിതം ഭരമേല്പിച്ച അന്ത്രയോസിനെ കരുതുവാനായി ഒരു അറബി ബിസിനസുകാരനെ ദൈവം ഒരുക്കി. ഇന്ന് അന്ത്രയോസ് സൗദി അറേബ്യയിൽ ഉദ്യോഗസ്ഥനാണ്. ഭാര്യയും മക്കളും നാട്ടിലും. പ്രിസൺ ഫെലോഷിപ്പിന് അന്ത്രയോസിന്റെ തുടർച്ചയായുള്ള പ്രാർത്ഥനയും ക്രിസ്തുമസ്, ഈസ്റ്റർ സന്ദർഭങ്ങളിലെ സാമ്പത്തിക സഹായവും ഇന്നുണ്ട്.

ഇതുപോലെ പല അന്ത്രയോസുമാർ നമ്മുടെ നാട്ടിലുണ്ട്. അവരെ വിമർശിക്കുവാനും അവർക്കെതിരെ വാതിലടയ്ക്കുവാനും അനേകരുണ്ട്. അവരെ സ്നേഹിക്കുവാനും കരുതുവാനും സഹായിപ്പാനും ചിലരുണ്ടാകണം. ഒരു തടവുകാരനിൽ ഒരു മനുഷ്യനെ കാണുവാൻ കഴിയണം. എന്നെ കരുതുവാനും സ്നേഹിക്കുവാനും എനിക്കൊരവസരം തരുവാനും സമൂഹത്തിൽ ചിലരുണ്ടെന്നുള്ള വാഗ്ദാനം അനേകരെ ജീവിതത്തിലേക്ക് മടക്കിവരുത്തും. ദൈവാലയങ്ങൾ പോലും ഇന്നവർക്ക് നേരെ വാതിലടച്ചിരിക്കുകയാണ്. സ്നേഹിതാ ദൈവത്തിന്റെ സ്നേഹം നീ അനുഭവിക്കുന്നതിന്റെ ലക്ഷണമായിരിക്കും ഒരു ജീവിതത്തെ സ്നേഹത്തോടെ സമീപിക്കുന്നതും, പാപം വരുത്തിയ മുറിവിനെ കരുണയോടെ ഒന്നു തലോടുന്നതും. നമ്മുടെ സമൂഹത്തിന്റെ ഉന്നമനം നമ്മുടെ മനോഭാവത്തെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മെപ്പോലുള്ളവർ ചേർന്നാണ് നമ്മുടെ സമൂഹം ഉണ്ടായിരിക്കുന്നത്. നമ്മുടെ ഗുണവും നമ്മുടെ മണവുമാണ് സമൂഹത്തിനുള്ളത്. സമൂഹത്തിന്റെ സൗരഭ്യം വർദ്ധിപ്പിക്കുവാൻ കഴിയുമോ നമുക്ക്?

❑

## അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ് 2021
## Annamma Charles John Writers Award 2021



ക്രൈസ്തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാ എഴുത്തുകാർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമകൾക്കാണു അവാർഡ് നല്കുക. ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, വനിത പ്രസാധകൻ, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരിക്കും അവാർഡു ലഭിക്കേണ്ട ലേഖനകർത്രിയെ തിരഞ്ഞെടുക്കുക.

ഒരു പ്രശംസാ പത്രവും പതിനായിരം രൂപയുമാണ് ഡിസ്റ്റിംഗ്യൂഷ്ഡ് അവാർഡ്. രണ്ടാം സ്ഥാനത്തെത്തുന്നവർക്ക് പ്രോത്സാഹന അവാർഡും അയ്യായിരം രൂപയും സമ്മാനിക്കുന്നതാണ്. ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖ'ങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡ് ലക്ഷ്യമാക്കുന്നത്.

**പത്രാധിപർ**

## അനുവാചക പ്രതികരണം

Just read the editorial in bed in the early morning. Familiar and memorable stories with good application in context. Nice font with clarity to read on the mobile. Also attractive cover and page format. God bless the Chief Editor for initiating and continuing this ministry through electronic medium. May God bless all who contribute the articles and work behind the scene to make this magazine possible. Quite refreshing overall.

Jacob Mathen
New York, USA

Great! 10 articles by women! That must be a record? or not? Dr. Helen's article was great. I already finished it. Yes recommend Dr. Helen's English article for all the young adults and children in the John clan. Simple, yet very profound/powerful.

Vinod C. John
Dallas. USA

# QUEST 75

**(ഈ ലക്കം QUEST –75 ലെ ചോദ്യങ്ങൾ മർക്കൊസ്** എഴുതിയ സുവിശേഷത്തിൽ നിന്നാണ്)

1. ബർത്തിമായി ആരുടെ മകനാണ്?
2. യേശുവിനെ ഉപായത്താൽ പിടിച്ചുകൊല്ലണമെന്ന് അന്വേഷിച്ചുകൊണ്ടിരുന്നവർ ആരൊക്കെയാണ്?
3. യേശു പന്തിരുവരെ ദൗത്യത്തിനായി അയയ്ക്കുമ്പോൾ അവർക്ക് കൊടുത്ത പ്രധാന അധികാരം എന്ത്?
4. യേശുവിനോട് ആകാശത്തുനിന്നും ഒരു അടയാളം കാണിച്ചുതരേണം എന്ന് ചോദിച്ചതാര്?
5. അലക്സന്തരിന്റെയും രൂഫൊസിന്റെയും പിതാവ് ആര്?
6. യേശു ആർക്കാണ് ആദ്യം പ്രത്യക്ഷനായത്?
7. വലിയ ശക്തിയോടും തേജസ്സോടുംകൂടെ മേഘങ്ങളിൽ വരുന്നവൻ ആര്?
8. യേശു ഏത് ദേശത്തുനിന്ന് വന്നാണ് യോഹന്നാനാൽ സ്നാനം ഏറ്റത്?
9. മനുഷ്യൻ സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആകുന്നതെപ്പോൾ?
10. ബൊവനേർഗ്ഗെസ് എന്ന വാക്കിന്റെ അർത്ഥം എന്ത്?
11. ദാവീദ് ഏതു മഹാപുരോഹിന്റെ കാലത്താണ് കാഴ്ചയപ്പം തിന്നത്?
12. 'എഫഥാ' എന്ന പദത്തിന്റെ അർത്ഥം എന്ത്?
13. ക്രൂശിൽവച്ച് യേശുവിന്റെ പ്രാണൻ വിട്ടപ്പോൾ യെരുശലേം ദൈവാലയത്തിന് എന്ത് സംഭവിച്ചു?
14. ഏതെല്ലാം ശിഷ്യന്മാരാണ് യേശു രൂപാന്തരപ്പെട്ടത് കണ്ടത്?
15. സൗഖ്യം പ്രാപിച്ച ഭൂതഗ്രസ്തനായ മനുഷ്യൻ ഏതുദേശത്താണ് യേശു ചെയ്ത കാര്യം ഘോഷിച്ചത്?
16. "മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്ന് യേശു ആരോടു പറഞ്ഞു?
17. അത്തി വേരോടെ ഉണങ്ങിപ്പോയി എന്ന പറഞ്ഞ ശിഷ്യൻ ആര്?
18. ക്ഷമ കിട്ടാത്ത പാപം എന്ത്?
19. നല്ല മണ്ണിൽ വീണ വിത്ത് എന്ന് പറഞ്ഞിരിക്കുന്നത് എന്താണ്?
20. "സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥയായിരിക്ക" എന്ന് യേശു ആരോടു പറഞ്ഞു?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 75-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2021 ഫെബ്രുവരി 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

## QUEST– 74 - ന്റെ ശരി ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | ആമോസ് | മത്തായി 1:10 |
| 2. | പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ | മത്തായി 7:21 |
| 3. | ഗദരേനരുടെ ദേശം | മത്തായി 8:28 |
| 4. | കഫർന്നഹൂം | മത്തായി 11:23 |
| 5. | വേനൽ | മത്തായി 24:32 |
| 6. | രണ്ട് | മത്തായി 20:30 |
| 7. | രാജ്യത്തിന്റെ സുവിശേഷം | മത്തായി 4:23 |
| 8. | ആത്മാവിനു നേരെയുള്ള ദൂഷണം | മത്തായി 12:31 |
| 9. | സ്വർഗ്ഗം | മത്തായി 6:20 |
| 10. | അർക്കെലെയോസ് | മത്തായി 2:22 |
| 11. | പത്ത് | മത്തായി 25:1 |
| 12. | പരീശന്മാർ | മത്തായി 9:11 |
| 13. | പത്രൊസ് | മത്തായി 26:35 |
| 14. | യാക്കോബ്, യോസെ, യൂദാ,ശിമോൻ | മത്തായി 13:55 |
| 15. | ഉപദേശത്തെ | മത്തായി 16:12 |
| 16. | തന്നെത്താൻ താഴ്ത്തുന്നവൻ | മത്തായി 18:4 |
| 17. | യേശു പ്രാണനെ വിട്ടപ്പോൾ | മത്തായി 27:51 |
| 18. | മഗ്ദലക്കാരത്തി മറിയയും, മറ്റേ മറിയയും | മത്തായി 28:1 |
| 19. | പത്രൊസ് | മത്തായി 17:4 |
| 20. | 4 - ാം യാമത്തിൽ | മത്തായി 14:25 |

Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891